VOL NO: 10 I ISSUE 18

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 MAY 02 I ₹10



# ഇസ്‌ലാമിക കർമശാസ്ത്രം; മഹത്തായ വിജ്ഞാന സരണി

പരിശുദ്ധ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ കർമങ്ങൾ ക്രമപ്പെടുത്തുന്ന ഉന്നതമായ വിജ്ഞാനശാഖയാണ് ഇസ്‌ലാമിക കർമശാസ്ത്രം. പണ്ഡിതന്മാരെ അർഹിക്കുന്ന വിധം ആദരിക്കുകയും എന്നാൽ, അന്ധമായ അനുകരണത്തിന് പകരം തെളിവുകൾ പിൻപറ്റുകയും ചെയ്യുന്നതാണ് വിശ്വാസികളുടെ മാതൃക. മഹാമനീഷികൾ നിസ്തുലമായ സേവനങ്ങൾ നൽകിയ കർമശാസ്ത്ര വിജ്ഞാനസരണിയെയും അതിനോട് വിശ്വാസികൾ പുലർത്തേണ്ട നിലപാടിനെയും വസ്തുനിഷ്ഠമായി വിലയിരുത്തുന്നു.

‘തന്തവൈബ്:’ പുതുതലമുറ പറയാതെ പറയുന്നത്

ഇബ്നു സീന: വൈദ്യരംഗത്തെ വിജ്ഞാനകോശം

സുരക്ഷാസംവിധാനങ്ങളെ അവഗണിക്കരുത്

മെഹബൂബ് മദനി • ഡോ. ഹുസ്ന ഹുസൈൻ • നബീൽ പയ്യോളി





നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

484
നേർപഥം വാരിക
2026 മെയ് 02
1447 ദുൽഖഅദ് 14
പുസ്തകം 10 / ലക്കം 18

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




കവർ സ്റ്റോറി




മെഹബൂബ് മദനി ഒറ്റപ്പാലം

പരിശുദ്ധ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ കർമങ്ങൾ ക്രമപ്പെടുത്തുന്ന ഉന്നതമായ വിജ്ഞാനശാഖയാണ് ഇസ്‌ലാമിക കർമശാസ്ത്രം. പണ്ഡിതന്മാരെ അർഹിക്കുന്ന വിധം ആദരിക്കുകയും എന്നാൽ, അന്ധമായ അനുകരണത്തിന് പകരം തെളിവുകൾ പിൻപറ്റുകയും ചെയ്യുന്നതാണ് വിശ്വാസികളുടെ മാതൃക. മഹാമനീഷികൾ നിസ്തുലമായ സേവനങ്ങൾ നൽകിയ കർമശാസ്ത്ര വിജ്ഞാന സരണിയെയും അതിനോട് വിശ്വാസികൾ പുലർത്തേണ്ട
നിലപാടിനെയും വസ്തുനിഷ്ഠമായി വിലയിരുത്തുന്നു.

05 മുഖമൊഴി
പുരോഗമനത്തിന്റെ വർണക്കടലാസിൽ പൊതിഞ്ഞ ജീർണതകൾ

06 ആരോഗ്യപഥം
നല്ല ഉറക്കം: ആരോഗ്യത്തിനും മനഃശാന്തിക്കും
ഡോ. ഹുസ്ന ഹുസൈൻ

08 അനുഭവം
പേന ഒരു ചെറിയ ഉപകരണമല്ല!
ദുൽക്കർഷാൻ അലനല്ലൂർ

16 ലേഖനം
ജനലക്ഷങ്ങൾ മക്കയിലേക്ക്
മർവാൻ ബിൻ അബ്ദുൽ മജീദ്

18 ലേഖനം
ഇബ്നു സീന: വൈദ്യരംഗത്തെ വിജ്ഞാനകോശം
ഡോ. ടി. കെ. യൂസുഫ്

21 ചിന്താപഥം
കൊല്ലാം; ദേഹേച്ഛകളെ!
നസീമ വാടാനപ്പള്ളി

24 ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

26 കാഴ്ച
സുരക്ഷാസംവിധാനങ്ങളെ അവഗണിക്കരുത്
നബീൽ പയ്യോളി

28 ലേഖനം
'തന്തവൈബ്:' പുതുതലമുറ പറയാതെ പറയുന്നത്
റോഷൻ പുനലൂർ

31 ലേഖനം
നസ്വാറാക്കളും പിശാചിന്റെ കുതന്ത്രങ്ങളും
ശമീർ മദീനി

34 കാഴ്ച
'ഉമ്മാന്റെ അടുത്തെത്തിയാൽ...'
മുഹ്സിന ചിറക്കൽപടി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# 'ഞാൻ അമ്മയെ കൊന്നു...'

സമൂഹത്തിൽ ഇന്ന് കൊലപാതകം വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. സ്വന്തം മാതാപിതാക്കളെ പോലും ഒരു നിമിഷത്തെ ദേഷ്യത്തിനോ സുഖത്തിനോ വേണ്ടി കൊല്ലാൻ മടിക്കാത്ത മക്കളുള്ള സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത്.

'ഞാൻ അമ്മയെ കൊന്നു...' എന്നു പറഞ്ഞ് അയൽവീട്ടിലെത്തിയ യുവാവ് ലഹരിയുടെ മത്തിൽ തോന്നിയത് പറയുകയാണ് എന്നാണ് ആ വീട്ടുകാർ ആദ്യം കരുതിയത്. 'ഞാൻ അമ്മയെ കൊന്നു... ഇനി അച്ഛനെയും കൊല്ലണം' എന്നും അവൻ യാതൊരു കൂസലുമില്ലാതെ വിളിച്ചുപറഞ്ഞുവത്രെ!

25 വയസ്സുള്ള ക്രിസ്റ്റി മാതാവിനെ കഴുത്തറുത്ത് കൊലപ്പെടുത്തിയ സംഭവം ലഹരി എന്ന മഹാവിപത്തിന്റെ ഭീകരമുഖം വീണ്ടും സമൂഹത്തിന് മുന്നിൽ തുറന്നുകാട്ടുകയാണ്. വീട്ടിനകത്ത് അമ്മയുടെ ജീവൻ കവർന്ന ശേഷം, കൈകളിലും വസ്ത്രങ്ങളിലും ചോരപ്പാടുകളുമായി ക്രിസ്റ്റി അയൽവാസിയുടെ അടുത്തേക്ക് ചെന്നു 'എന്നെ പോലീസ് സ്റ്റേഷനിൽ കൊണ്ടുവിടൂ...ഞാൻ അമ്മയെ കൊന്നു' എന്ന് പറഞ്ഞപ്പോൾ ആദ്യം അയൽവാസി വിശ്വസിച്ചില്ല. പക്ഷേ, രക്തം പുരണ്ട കൈകളും ശരീരത്തിൽ നിന്നുയർന്ന ചോരമണവും പറഞ്ഞത് സത്യമാണെന്ന് ബോധ്യമായി.

ബംഗളൂരുവിൽ ബി.സി.എ വിദ്യാർഥിയായിരുന്നു ഇയാൾ. അവിടെവെച്ച് ലഹരിമരുന്നിന്റെ പിടിയിലായതോടെ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. മകനെ ലഹരിയുടെ ഇരുണ്ട ലോകത്തിൽനിന്ന് രക്ഷിക്കാനായി ആ അമ്മ നടത്തിയ പോരാട്ടം ഒടുവിൽ സ്വന്തം ജീവൻകൊണ്ട് അവസാനിച്ചു. ലഹരി വാങ്ങാൻ പണം ചോദിച്ചുള്ള തർക്കങ്ങൾ വീട്ടിൽ പതിവായിരുന്നുവെന്നും അമ്മയുടെ ലഹരി ഒഴിവാക്കാനുള്ള നിരന്തര ഉപദേശങ്ങൾ മകന്റെ മനസ്സിൽ വിരോധമായി വളർന്നുവെന്നുമാണ് വിവരം. ലഹരി മനുഷ്യനെ എത്രത്തോളം വിവേകശൂന്യനാക്കുമെന്നതിന്റെ ഉദാഹരണമാണ് ഈ സംഭവം.

മക്കളെ പഠനത്തിനായി ദൂരദിക്കുകളിലേക്ക് പറഞ്ഞയക്കുന്നവർ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ആൺകുട്ടികളാണെങ്കിലും പെൺകുട്ടികളാണെങ്കിലും ലഹരിയുടെയും ലൈംഗികാഭാസങ്ങളുടെയും മാലിന്യങ്ങളിൽ വീണുപോകാനുള്ള സാധ്യത വളരെ കൂടുതലാണ്.

മാതാപിതാക്കളോടുള്ള കടമകളെക്കുറിച്ചും അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യൽ അനിവാര്യമാണെന്നും അറിയാത്തവരായി മക്കൾ വളരുകയാണിന്ന്. അതിന്റെയൊന്നും ആവശ്യമില്ല എന്നാണ് സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും മനസ്സിലാക്കുന്നത്.

വിശുദ്ധ ക്വുർആൻ പറയുന്നു: ''തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ടുപേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛെ' എന്ന് പറയുകയോ അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക'' (17:23).

മാതാപിതാക്കളോട് വെറുപ്പിന്റെ വാക്കുപോലും ഉച്ചരിച്ചുകൂടാ എന്ന് ക്വുർആൻ നിഷ്‌കർശിക്കുന്നു. അപ്പോൾ ഒരു മുസ്‌ലിമിന് എങ്ങനെയാണ് അവരുടെ നേർക്ക് കത്തി വീശാൻ കഴിയുക?

ഓരോ കൊലപാതക വാർത്തയും കേൾക്കുമ്പോൾ വായിച്ചു മറന്ന ചില കഥകളാണ് ഓർമവരുന്നത്. ഭാവനാസൃഷ്ടിയായ കഥകളെ പോലും തോൽപിക്കും വിധത്തിലാണ് കൊലപാതകങ്ങൾ നടക്കുന്നത്.

**-അജ്മൽ ബിൻ നാസർ**
**(ജാമിഅ അൽഹിന്ദ്)**

# പുരോഗമനത്തിന്റെ വർണക്കടലാസിൽ പൊതിഞ്ഞ ജീർണതകൾ

പുരോഗമനത്തിന്റെ അടയാളമെന്താണ്? മാനുഷിക ഗുണങ്ങളായ ലജ്ജ, സംസ്കാരം പോലുള്ളവ പാടെ വെടിഞ്ഞ് എന്തും എവിടെവച്ചും എപ്പോഴും പറയുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ ആർജവം കാണിക്കുക എന്നതാണോ? അത് പുരോഗതിയല്ലെന്നും അധോഗതിയാണെന്നും സാമാന്യബുദ്ധിയുള്ള വരൊക്കെ പറയും. എന്നാൽ ലിബറലിസത്തിന്റെ വേഷമിട്ട ചില പുരോഗമന നാട്യക്കാരുടെ കണ്ണിൽ അങ്ങനെയൊക്കെ പറയുന്നതും പ്രവർത്തിക്കുന്നതുമാണ് പുരോഗമനം!

താൻ ജീവിക്കുന്ന ചുറ്റുപാടുകളും സാഹചര്യവും മനുഷ്യന്റെ സ്വഭാവത്തെ ശക്തമായി സ്വാധീനിക്കുന്നു എന്നത് ഒരു വസ്തുതയാണ്. വളരുന്ന ചുറ്റുപാട് വികൃതവും ജീർണവുമാണെങ്കിൽ മനുഷ്യൻ തിന്മയുടെ വക്താവായിത്തീരുന്നു. അങ്ങനെയുള്ള ചുറ്റുപാട് മനഃപൂർവം ഉണ്ടാക്കിത്തീർക്കാനാണ് വികല പുരോഗമനവാദികളുടെ പരിശ്രമം. അതിനായി ചാക്കിട്ടു പിടിക്കുന്നത് വിദ്യാർഥികളെയും യുവാക്കളെയുമാണ്. അതിന് ശാസ്ത്രത്തിന്റെ കുപ്പായമോ പുരോഗമനത്തിന്റെ വർണക്കടലാസോ സ്വാതന്ത്ര്യമെന്ന ലോബലോ ഒക്കെ അവർ നൽകും. 'അടിച്ചുപൊളിക്കലാണ്' ജീവിതം, 'ആഘോഷിക്കാനുള്ളതാണ്' അവസരങ്ങൾ, അതിൽ തെറ്റും ശരിയും നോക്കാനില്ല എന്നൊക്കെയുള്ള ധാരണയിലാണിന്ന് പുതുതലമുറ വളർന്നുവരുന്നത്. അപ്പോൾ അതിനു വിഘാതമായി നിൽക്കുന്നതിനോടെല്ലാം അവർക്ക് ദേഷ്യമാകും. വഴിവിട്ട ജീവിതത്തോടുള്ള എതിർപ്പ് അധ്യാപകരിൽനിന്നാണെങ്കിലും മാതാപിതാക്കളിൽ നിന്നാണെങ്കിലും ശരി അവർക്ക് സഹിക്കാനാവില്ല. ഓമനിച്ചു വളർത്തുന്ന മാതാവിന്റെ കഴുത്തറുക്കാൻ വരെ മക്കൾ തയ്യാറാകുന്നത് തലതിരിഞ്ഞ ജീവിതവീക്ഷണം കൊണ്ടാണ്. ജീവിത പശ്ചാത്തലം ശുദ്ധവും സംസ്കാരസമ്പന്നവുമാണെങ്കിൽ അവനിൽ നന്മ പ്രതിഫലിച്ച് കാണും.

തങ്ങളുടെ സന്താനങ്ങൾ നല്ല വ്യക്തിത്വത്തിന്റെ ഉടമകളായിരിക്കണം എന്നത് എല്ലാ മാതാപിതാക്കളുടെയും ആഗ്രഹമാണ്. എന്നാൽ ജീവിതവിശുദ്ധി കൊതിക്കുന്നവർതന്നെ പരിഷ്കാരത്തിന്റെയും പുരോഗമനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പേരിൽ മലീമസമായ സംസ്കാരത്തെ പുണരുന്ന നിർഭാഗ്യകരമായ കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

ദൈവം നിശ്ചയിച്ച പരിധികൾ തകർത്ത് സർവതന്ത്ര സ്വതന്ത്രരായി വിരാജിക്കുവാൻ മനുഷ്യൻ തയ്യാറായതിന്റെ ഫലമായി അവന്റെ മുമ്പിൽ പ്രതിസന്ധികൾ കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നു. അത്തരക്കാർക്ക് മനസ്സമാധാനം ഒരു കിട്ടാക്കനിയായി മാറുന്നു.

ലൈംഗിക അരാജകത്വവും മയക്കുമരുന്ന് ഉപയോഗവുമാണ് സമൂഹത്തിൽ ഏറെ സങ്കീർണതകൾ ഉണ്ടാക്കിയിരിക്കുന്നത്. ഏതാനും ദിവസം മുമ്പ് കണ്ണൂരിൽ സ്വന്തം മാതാവിനെ കഴുത്തറുത്തു കൊന്ന യുവാവ് ലഹരിക്ക് അടിമയാണെന്നും നിരന്തരം വീട്ടിൽ വഴക്കിട്ടിരുന്നു എന്നുമാണ് വാർത്ത. പൊതുജനമധ്യത്തിൽ വെച്ച് അന്യസ്ത്രീ-പുരുഷന്മാർക്ക് പരസ്പരം ചുംബിക്കുവാനും ആണിനും പെണ്ണിനും പരിധികളില്ലാത്ത വിധം ഇടകലരുവാനുമൊക്കെ സ്വാതന്ത്ര്യം വേണമെന്നു പറഞ്ഞ് സമരം ചെയ്യുവാൻ വരെ സമത്വ - സ്വാതന്ത്ര്യവാദികൾ രംഗത്ത് വരുന്നത് കെട്ട സംസ്കാരത്തെ സൂചിപ്പിക്കുന്നു എന്ന് പറയേണ്ടിയിരിക്കുന്നു.

മനുഷ്യൻ കന്നുകാലികളെ പോലെ ജീവിക്കുവാൻ പാടില്ലെന്നും ചില വിധികളും വിലക്കുകളും അവൻ പാലിക്കേണ്ടതുണ്ടെന്നും മതം പഠിപ്പിക്കുമ്പോൾ മതവും ദൈവവിശ്വാസവും അറുപഴഞ്ചൻ സംസ്കാരമാണ് പഠിപ്പിക്കുന്നെതന്നും ശാസ്ത്രം അത്യുന്നതിയിലെത്തി നിൽക്കുന്ന ആധുനിക ലോകത്തിന് അത് അപമാനമാണ് എന്നൊക്കെയാണ് മതനിഷേധികളുടെ പ്രചാരണം. സത്യത്തിൽ ഇവരാണ് സമൂഹത്തെ പ്രാകൃത യുഗത്തിലേക്ക് നയിക്കുന്നത്. ■



# നല്ല ഉറക്കം: ആരോഗ്യത്തിനും മനഃശാന്തിക്കും

ഡോ. ഹുസ്ന ഹുസൈൻ

നമ്മുടെ ദൈനംദിന ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടതും എന്നാൽ പലപ്പോഴും അവഗണിക്കപ്പെടുന്നതുമായ ഒന്നാണ് ഉറക്കം. ശരീരത്തിനും മനസ്സിനും ഉറക്കം ഒരു അടിസ്ഥാന ആവശ്യമാണ്. ആധുനിക ജീവിതശൈലിയിൽ, പ്രത്യേകിച്ച് തിരക്കേറിയ ദിനചര്യകളും വർധിച്ചുവരുന്ന മാനസിക സമ്മർദവും കാരണം, ശരിയായ ഉറക്കമില്ലായ്മ വളരെ സാധാരണമായി മാറിയിരിക്കുന്നു. നല്ലതും സുഖകരവുമായ ഉറക്കം ഉറപ്പാക്കാൻ സഹായിക്കുന്ന ശീലങ്ങളെയും രീതികളെയുമാണ് 'സ്ലീപ്പ് ഹൈജീൻ' (Sleep hygiene) എന്ന് വിളിക്കുന്നത്.

ശാസ്ത്രീയമായി നോക്കുമ്പോൾ, ഒരു സാധാരണ പ്രായപൂർത്തിയായ വ്യക്തിക്ക് ദിവസേന 7 മുതൽ 9 മണിക്കൂർ വരെ ഉറക്കം ആവശ്യമാണ്. കുട്ടികൾക്കും കൗമാരക്കാർക്കും ഇതിലും കൂടുതൽ ഉറക്കം ആവശ്യമാണ്. ഉറക്കക്കുറവ് ദീർഘകാലം തുടർന്നാൽ അത് ശരീരത്തെയും മാനസികാരോഗ്യത്തെയും ഗുരുതരമായി ബാധിക്കും. ശരീരത്തിന്റെ പ്രതിരോധശേഷി കുറയുക, ഹൃദ്രോഗ സാധ്യത വർധിക്കുക, പ്രമേഹം, അമിതവണ്ണം (obesity), ഉയർന്ന രക്തസമ്മർദ്ദം (hypertension) തുടങ്ങിയ പ്രശ്നങ്ങൾക്കും ഉറക്കക്കുറവ് കാരണമാകാം. കൂടാതെ, ഏകാഗ്രതക്കുറവ്, ഓർമശക്തി കുറയൽ, ദേഷ്യം, മാനസിക സമ്മർദം വർധിക്കൽ എന്നിവയ്ക്കും ഇത് കാരണമാകാം.

**ഉറക്കം ഒരു ചടങ്ങല്ല; അതൊരു അനിവാര്യതയാണ്. ശാരീരികവും മാനസികവുമായ ആരോഗ്യം സംരക്ഷിക്കുന്നതിന് നല്ല ഉറക്കശീലം (സ്ലീപ്പ് ഹൈജീൻ) പാലിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. ഇത്തരം നല്ല ശീലങ്ങൾ വളർത്തിയെടുക്കുന്നത് ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ആരോഗ്യകരമായ ഭാവിയിലേക്ക് നയിക്കുകയും ചെയ്യും.**

ഉറക്കം എന്നത് കേവലം വിശ്രമം മാത്രമല്ല. ഉറക്കത്തിനിടയിൽ മസ്തിഷ്കം ഓർമകളെ ക്രമീകരിക്കുകയും (Memory consolidation) വികാരങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു. കൂടാതെ ശരീരം കോശങ്ങളെ പുനരുജ്ജീവിപ്പിക്കുകയും കേടുപാടുകൾ തീർക്കുകയും ചെയ്യുന്നു. അതിനാൽ, മൊത്തത്തിലുള്ള ആരോഗ്യത്തിന് നല്ല ഗുണനിലവാരമുള്ള ഉറക്കം അത്യാവശ്യമാണ്.

നല്ല ഉറക്കത്തിനായി ചില പ്രധാന ശീലങ്ങൾ പാലിക്കേണ്ടതുണ്ട്

1. എല്ലാ ദിവസവും ഒരേസമയം ഉറങ്ങാനും ഉണരാനും ശ്രമിക്കുക.

2. ഉറങ്ങുന്ന അന്തരീക്ഷം ശാന്തവും ഇരുട്ടുള്ളതും തണുപ്പുള്ളതുമായിരിക്കണം. ആവശ്യമെങ്കിൽ ബ്ലാകൗട്ട് കർട്ടനുകളോ (blackout curtain) ഐ മാസ്കോ (eye mask) ഉപയോഗിക്കാം. കിടപ്പുമുറി പ്രധാനമായും ഉറക്കത്തിന് വേണ്ടി മാത്രമായിരിക്കണം; അവിടെ ജോലി ചെയ്യുകയോ മൊബൈൽ ഫോൺ ഉപയോഗിക്കുകയോ ടിവി കാണുകയോ ചെയ്യുന്നത് ഒഴിവാക്കണം.

3. ഇരുട്ട് സ്വാഭാവികമായും മെലാറ്റോണിൻ (Melatonin) എന്ന ഹോർമോണിന്റെ ഉദ്പാദനത്തെ ഉത്തേജിപ്പിക്കുകയും ഉറക്കം വരാൻ സഹായിക്കുകയും ചെയ്യുന്നു. അതിനാൽ ഉറങ്ങുന്നതിന് കുറഞ്ഞത് ഒരു മണിക്കൂർ മുമ്പെങ്കിലും സ്ക്രീൻ ഉപയോഗം ഒഴിവാക്കേണ്ടത് വളരെ പ്രധാനമാണ്.

4. കുടൽ ആരോഗ്യവും ഉറക്കത്തിന്റെ ഗുണനിലവാരവും തമ്മിൽ ബന്ധമുണ്ടെന്ന് സമീപകാല ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു. ദഹനാരോഗ്യം മെച്ചപ്പെടുത്തുന്നത് നല്ല ഉറക്കത്തിന് സഹായകമാകും. രാത്രിയിൽ ലഘുഭക്ഷണം കഴിക്കുന്നതും നല്ല ഉറക്കത്തിന് സഹായകമാണ്.

5. സമീകൃതവും പോഷകസമൃദ്ധവുമായ ഭക്ഷണരീതി നല്ല ഉറക്കത്തിനും സഹായകമാണ്. പഴങ്ങളും പച്ചക്കറികളും ഉൾപ്പെടുത്തിയ ആരോഗ്യകരമായ ഭക്ഷണക്രമം ഉറക്കത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. മുട്ട, ചീസ്, പീനട്ട്സ്, പംകിൻ സീഡ്സ് പോലുള്ളവയും വാഴപ്പഴം, ഇലക്കറികൾ പോലുള്ള മഗ്നീഷ്യവും പൊട്ടാസ്യവും സമൃദ്ധമായുള്ള ഭക്ഷണങ്ങളും ഉറക്കത്തിന് സഹായകമാണ്. തൈര്, മോർ തുടങ്ങിയ ലഘുവായ പ്രോബയോട്ടിക് ഭക്ഷണങ്ങൾ ദഹനത്തെ സഹായിക്കും.

ഉറങ്ങുന്നതിന് കുറഞ്ഞത് രണ്ടോ മൂന്നോ മണിക്കൂർ മുമ്പ് ഭക്ഷണം കഴിക്കുന്നതാണ് നല്ലത്. വൈകി ഭക്ഷണം കഴിക്കുന്നത് അസിഡിറ്റിക്കും ദഹനക്കേടിനും കാരണമാകും. ഇത് ഉറക്കത്തിന്റെ ഗുണനിലവാരത്തെ ബാധിക്കും. അതുപോലെ, കനത്തതും അധികം കൊഴുപ്പുള്ളതും എണ്ണമയമുള്ളതും എരിവുള്ളതുമായ ഭക്ഷണങ്ങളും ചായ, കാപ്പി, എനർജി ഡ്രിങ്കുകൾ തുടങ്ങിയ കഫൈൻ അടങ്ങിയ പാനീയങ്ങളും രാത്രിയിൽ ഒഴിവാക്കണം. ഇത് ഉറക്കത്തെ തടസ്സപ്പെടുത്താൻ സാധ്യതയുണ്ട്.

പതിവായ ശാരീരിക വ്യായാമം ഉറക്കം മെച്ചപ്പെടുത്തുമെങ്കിലും, ജിം വർക്ക്ഔട്ട് പോലുള്ള കഠിനമായ വ്യായാമങ്ങൾ ഉറങ്ങുന്നതിന് തൊട്ടുമുമ്പ് ഒഴിവാക്കണം. രാവിലെ നേരത്തെ മുതൽ വൈകുന്നേരം വരെയുള്ള സമയത്തിനിടയിൽ (രാവിലെ ഏകദേശം 6 മണി മുതൽ വൈകുന്നേരം 7 വരെ) വ്യായാമം ചെയ്യുന്നതാണ് നല്ലത്. കഠിനമായ വ്യായാമം ഹൃദയമിടിപ്പ്, ശരീരതാപനില, അഡ്രിനാലിൻ അളവ് എന്നിവ വർധിപ്പിക്കുന്നു. ഇത് ശരീരത്തിന് ഗുണ

കരമാണെങ്കിലും, വളരെ വൈകി ചെയ്യുന്നത് ഉറക്കം വരുന്നത് വൈകിക്കുകയും ഉറക്കത്തിന്റെ ഗുണനിലവാരം കുറക്കുകയും ചെയ്യും.

രാവിലെ സൂര്യപ്രകാശം ഏൽക്കുന്നത് ശരീരത്തിന്റെ സ്വാഭാവിക ഘടികാരം (Circadian rhythm) ക്രമീകരിക്കാൻ സഹായിക്കുന്നു. ചിലർ രാവിലെ ഉണർന്ന ശേഷം വീണ്ടും ഉറങ്ങാറുണ്ട്, ഇത് പിന്നീട് ക്ഷീണം കൂടാൻ കാരണമായേക്കാം. ആ സമയം ഉൽപാദനക്ഷമമായി ഉപയോഗിക്കുന്നത് ശരീരത്തിനും മനസ്സിനും കൂടുതൽ ഗുണം ചെയ്യും. പ്രവാചകൻ(സ്വ) പ്രഭാതത്തിലെ ബറകത്തിനെക്കുറിച്ച് (അനുഗ്രഹം) ഊന്നിപ്പറഞ്ഞിട്ടുണ്ട്; 'അല്ലാഹുവേ, എന്റെ സമുദായത്തിന് അവരുടെ പ്രഭാതങ്ങളിൽ നീ ബറകത്ത് നൽകേണമേ.' പ്രഭാത സമയം സജീവമായി ഉപയോഗിക്കാനും ക്വുർആൻ പാരായണത്തിലും അല്ലാഹുവിനെ സ്മരിക്കുന്നതിലും മുഴുകാനും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു.

ഉച്ചഭക്ഷണത്തിന് ശേഷം അൽപനേരം ഉറങ്ങുന്നത് (നട്ടുച്ചയുറക്കം) ചിലർക്ക് ഗുണകരമാകാറുണ്ട്. എങ്കിലും ഇത് 30 മിനിറ്റിൽ കൂടാൻ പാടില്ല. വൈകുന്നേരമുള്ള ഉറക്കം ഒഴിവാക്കുന്നതാണ് നല്ലത്.

ഇസ്‌ലാമിക പാഠങ്ങളും നല്ല ഉറക്കശീലങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. നബി(സ്വ) ഉറങ്ങുന്നതിന് മുമ്പായി ഇപ്രകാരം ചെയ്യാൻ ഉപദേശിച്ചതായി കാണാം: "നീ നിന്റെ കിടക്കയിലേക്ക് പോകുമ്പോൾ നമസ്കാരത്തിനുള്ള വുദൂഅ് ചെയ്യും പോലെ വുദൂഅ് ചെയ്യുകയും ശേഷം വലതു വശത്ത് ചെരിഞ്ഞ് കിടക്കുകയും ചെയ്യുക" (സ്വഹീഹുൽ ബുഖാരി).

നബി(സ്വ) ഉറങ്ങുന്നതിന് മുമ്പ് പ്രാർഥിക്കാൻ പഠിപ്പിച്ച പ്രാർഥനകൾ പതിവാക്കുക, അല്ലാഹുവിൽ ഭരമേൽപിച്ച് കിടക്കുക. ഇത് മനസ്സിനെ ശാന്തമാക്കുകയും സമാധാനം നൽകുകയും ചെയ്യും. മാത്രമല്ല, ഇത്തരം ശീലങ്ങൾ ഉറക്കത്തെ കൂടുതൽ സുഖകരവും പുണ്യകരവുമാക്കുന്നു.

ചുരുക്കത്തിൽ, ഉറക്കം ഒരു ചടങ്ങല്ല; അതൊരു അനിവാര്യതയാണ്. ശാരീരികവും മാനസികവുമായ ആരോഗ്യം സംരക്ഷിക്കുന്നതിന് നല്ല ഉറക്കശീലം (സ്‌ലീപ്പ് ഹൈജീൻ) പാലിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. ഇത്തരം നല്ല ശീലങ്ങൾ വളർത്തിയെടുക്കുന്നത് ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ആരോഗ്യകരമായ ഭാവിയിലേക്ക് നയിക്കുകയും ചെയ്യും. ■





# പേന ഒരു ചെറിയ ഉപകരണമല്ല!

ദുൽക്കർഷാൻ അലനല്ലൂർ
: 94477 45299

പത്താം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് വിലപിടിപ്പുള്ള പേനകളിൽ മുൻനിരയിലുള്ള 'പാർക്കർ' പേനയോട് ഇഷ്ടം തോന്നിയത്. അന്ന് പക്ഷേ, ആ പേന കാശ് കൊടുത്തു വാങ്ങാനുള്ള സാമ്പത്തികമൊന്നുമുണ്ടായിരുന്നില്ല. ബുക്ക് സ്റ്റാളിലെ ക്യാഷ് കൗണ്ടറിൽ ഉയർന്ന ദറജയിലങ്ങനെ ഇരിക്കുന്ന ആ പേനയുടെ വില കേട്ട് അത്ഭുതപ്പെട്ടിരുന്നു. ഇത്രയും വിലകൊടുത്ത് ഈ പേന

ആരെങ്കിലും വാങ്ങുമോ എന്ന് ചിന്തിച്ചിരുന്നു. പിന്നെ അൽപം കുശുമ്പോടെ ഇതൊന്നും ആരും വാങ്ങില്ല എന്ന് മനസ്സിൽ പറഞ്ഞ് തിരിച്ചു നടക്കും.



എങ്കിലും എപ്പോഴൊക്കെ ആ ഷോപ്പിൽ കയറുന്നുവോ അപ്പോഴൊക്കെ കണ്ണുകൾ ആ പേനകളിൽ ഉടക്കി നിൽക്കും. ഹൈസ്കൂളും ഹയർസെക്കന്ററിയുമൊക്കെ കഴിഞ്ഞ് കോളേജിലേക്ക് പോകുന്ന കാലത്ത് കാലങ്ങളോളം മനസ്സിൽ കൊണ്ടു നടന്നിരുന്ന ആഗ്രഹം സഫലമാക്കി. സ്കൂൾ അവധിക്കാലത്ത് ചെറിയ ചില്ലറ ജോലികളൊക്കെ ചെയ്ത് കിട്ടിയ പൈസ സ്വരൂപിച്ചായിരുന്നു ആഗ്രഹം സഫലമാക്കിയത്.

പഠനം കഴിഞ്ഞ് കാലം മുന്നോട്ട് പോയി. അങ്ങനെയിരിക്കുമ്പോഴാണ് തൊട്ടടുത്തുള്ള മദ്റസയിൽ അധ്യാപകനായി നിയമിക്കപ്പെട്ടത്. ഒരു ദിവസം എന്റെ ക്ലാസ്സിലെ ഒരു കുട്ടി ഗൾഫിലുള്ള അവളുടെ പിതാവിന്റെ അടുത്തേക്ക് പോയി വന്നപ്പോൾ ഹദ്‌യയായി എന്റെ നേരെ ഒരു ചെറിയ ബോക്സ് നീട്ടി. 'ഇത് ഉപ്പ നിങ്ങൾക്ക് തരാൻ പറഞ്ഞതാണ്'എന്ന് പറഞ്ഞു. ഞാൻ ബോക്സ് തുറന്നുനോക്കി. എനിക്കെന്തെന്നില്ലാത്ത സന്തോഷം! ഒരു പാർക്കർ പേനയായിരുന്നു ആ ബോക്സിൽ.

പിന്നീട് പല ജോലികളും ചെയ്തു. ഒടുവിൽ വിദേശത്തെത്തി! ഒരു കമ്പനിയിൽ ഓഫീസ് ജോലി ലഭിച്ചു. ഓഫീസ് ആവശ്യങ്ങൾക്കും മറ്റും പുറത്ത് പോകുമ്പോൾ വീണ്ടും ആ പഴയ ആഗ്രഹം മനസ്സിലേക്കോടിവന്നു. പക്ഷേ, നാട്ടിലുള്ള വിലയുടെ ഇരട്ടി നൽകണം. ആഗ്രഹം നീട്ടിനീട്ടി കൊണ്ടുപോയി. പലയിടത്തും ഷോപ്പുകളിൽ കയറി വില ചോദിച്ചു. വിലകേൾക്കുമ്പോൾ പിന്നെയാവാം എന്നു വിചാരിക്കും.

ജിദ്ദയിലെ ശറഫിയ്യയിൽ കൂടുതൽ കച്ചവടക്കാരും മലയാളികളാണ്. വ്യാഴം, വെള്ളി തുടങ്ങിയ ഒഴിവുദിവസങ്ങളിൽ മലയാളികളാൽ നിബിഢമാണ് ശറഫിയ്യ. പരിചയമുള്ള ഒരു ഷോപ്പിൽ കയറി പേനക്ക് വില ചോദിച്ചു. വില കേട്ടപ്പോൾ ഞാൻ കടയിൽനിന്നും പതുക്കെ ഇറങ്ങി നടന്നു. അവരുടെ തന്നെ മറ്റൊരു കടയിൽ കയറി വില ചോദിച്ചു. അവിടെ എന്റെ നാട്ടുകാരനും സുഹൃത്തുമുണ്ട്. ഞാൻ ആദ്യം കയറിയ കടയിലേതിനെക്കാൾ 15 റിയാൽ അധികം കൊടുക്കണം ഇവിടെ. മലയാളികൾ മലയാളികളെതന്നെ 'ശരിയാക്കുന്ന' കാഴ്ച! ഒടുവിൽ ഗുലൈൽ എന്ന സ്ഥലത്ത് സ്കൂളിനു തൊട്ടടുത്തുള്ള ഒരു ഷോപ്പിൽ ഓഫീസ് ആവശ്യാർഥം കയറിയപ്പോൾ അവിടെയുമതാ ക്യാഷ് കൗണ്ടിറിനുമുകളിൽ നമ്മുടെ കക്ഷി. പോക്കറ്റിനിണങ്ങിയ ഒരു വില പറഞ്ഞപ്പോൾ അതുവാങ്ങി സ്വന്തമാക്കി.

അമേരിക്കയിലെ വിസ്കോൺസിനിലെ ഷോൾസ് ബർഗിൽ ജനിച്ച ജോർജ് സാഫോർഡ് പാർക്കർ ആണ് 1888ൽ പാർക്കർ പെൻ കമ്പനി സ്ഥാപിച്ചത്. ടെലിഗ്രാഫി അധ്യാപകനായ അദ്ദേഹം തുടക്കം കുറിച്ച ബിസിനസ്സിന്റെ തുടക്കത്തിൽ ശിഷ്യന്മാർ തന്നെയായിരുന്നു ഉപഭോക്താക്കൾ. പിന്നീട് ലോകത്തെമ്പാടുമുള്ള ഓഫീസ് ജീവനക്കാരുടെയും വിദ്യാർഥികളുടെയും പോക്കറ്റിൽ സ്ഥാനം പിടിക്കാൻ പാർക്കറിന് കഴിഞ്ഞു. ഇന്ന് ആകർഷകമായ അനേകം ഡിസൈനുകളിൽ, വിലകൂടിയതും കുറഞ്ഞതുമായ പേനകൾ ലഭ്യമാണ്.

പേന എന്ന ചെറിയ ഒരു ഉപകരണം ലോകത്തുണ്ടാക്കിയ മാറ്റം ചെറുതല്ല. അല്ലാഹു ആദ്യം സൃഷ്ടിച്ചത് പേനയാണ്. പേനകൊണ്ട് എഴുതാൻ പഠിപ്പിച്ചതും അവനാണ്. "സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ" (ക്വുർആൻ 96:14). ■




# ഇസ്‌ലാമിക കർമശാസ്ത്രം; മഹത്തായ വിജ്ഞാനസരണി

മെഹബൂബ് മദനി ഒറ്റപ്പാലം
: 7736398840

**പരിശുദ്ധ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ കർമങ്ങൾ ക്രമപ്പെടുത്തുന്ന ഉന്നതമായ വിജ്ഞാനശാഖയാണ് ഇസ്‌ലാമിക കർമശാസ്ത്രം. പണ്ഡിതന്മാരെ അർഹിക്കുന്ന വിധം ആദരിക്കുകയും എന്നാൽ, അന്ധമായ അനുകരണത്തിന് പകരം തെളിവുകൾ പിൻപറ്റുകയും ചെയ്യുന്നതാണ് വിശ്വാസികളുടെ മാതൃക. മഹാമനീഷികൾ നിസ്തുലമായ സേവനങ്ങൾ നൽകിയ കർമശാസ്ത്ര വിജ്ഞാനസരണിയെയും അതിനോട് വിശ്വാസികൾ പുലർത്തേണ്ട നിലപാടിനെയും വസ്തുനിഷ്ഠമായി വിലയിരുത്തുന്നു.**

സർവലോക പരിപാലകനായ അല്ലാഹുവിൽനിന്നും അവതീർണമായ മതമാണ് ഇസ്‌ലാം. സുവ്യക്തമായ ദൈവിക പ്രമാണങ്ങളുടെ അടിത്തറയിലാണ് ലോകത്ത് ഈ മതം നിലനിൽക്കുന്നത്. വിശ്വാസകാര്യങ്ങളും കർമകാര്യങ്ങളും അതിന്റെ അടിസ്ഥാനങ്ങളാണ്. അതുകൊണ്ടുതന്നെ മരണാനന്തര ജീവിതത്തിൽ സ്വർഗം ആഗ്രഹിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമിക കർമശാസ്ത്രത്തിൽ വേണ്ടത്ര അവഗാഹം നേടൽ അവന്റെ ബാധ്യതയാണ്.

'ഫിക്വ്ഹ്' (فقه) എന്ന അറബി പദത്തെയാണ് മലയാളത്തിൽ നാം 'കർമശാസ്ത്രം' എന്ന് പരിഭാഷപ്പെടുത്തുന്നത്. വിശാലമായ ആശയതലങ്ങൾ ഈ വിജ്ഞാന ശാഖയ്ക്കുണ്ട്. വിശുദ്ധ ക്വുർആനിന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിൽ, ഈ തെളിവുകളിൽനിന്ന് നിർധാരണം ചെയ്യപ്പെടുക്കുന്ന കർമപരമായ മതവിധികളും ഈ വിജ്ഞാനശാഖയുടെ ഭാഗമാണ്.

ഇസ്‌ലാമിക വിധിവിലക്കുകളെക്കുറിച്ചുള്ള ജ്ഞാന ശാഖയാണ് ഫിക്വ്ഹ് എന്ന് ചുരുക്കിപ്പറയാം. ഇസ്‌ലാമിക ശരീഅത്തിനെ അംഗീകരിക്കുന്ന, ബുദ്ധിയും പ്രായപൂർത്തിയുമെത്തിയ വ്യക്തികളുടെ കർമങ്ങൾ എങ്ങനെയാകണം, ആകരുത് എന്നതാണ് ഫിക്വ്ഹിന്റെ പ്രധാന പ്രതിപാദ്യവിഷയം.

അല്ലാഹുവിന്റെ കൽപനകൾ അംഗീകരിക്കുക വഴിയും അവൻ നിർദേശിച്ച കാര്യങ്ങൾ സ്വീകരിക്കുക വഴിയും വിരോധിച്ച കാര്യങ്ങൾ ത്യജിക്കുന്നതിലൂടെയും തക്വ്‌വ (സൂക്ഷ്മത) ഉറപ്പുവരുത്തുകയാണ് അതിന്റെ ലക്ഷ്യം. ഇക്കാര്യങ്ങൾ അറിയണമെങ്കിൽ ഫിക്വ്ഹിനെ മനസ്സിലാക്കിയേ തീരൂ. ക്വുർആനും സുന്നത്തുമാണ് ഈ വിജ്ഞാനശാഖയുടെയും അടിസ്ഥാന സ്രോതസ്സ്.

ഒരാൾക്ക് ഇസ്‌ലാമിക കർമശാസ്ത്രത്തിൽ വേണ്ടത്ര അറിവുണ്ടായാൽ അല്ലാഹു അവനിൽ നന്മ ഉദ്ദേശിച്ചിരിക്കുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്. നബി(സ്വ) പറഞ്ഞു: "അല്ലാഹു ആർക്കെങ്കിലും നന്മ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവനെ ദീനിൽ അവഗാഹമുള്ളവനാക്കും."

ഇസ്‌ലാമിൽ ഒരാൾക്കുള്ള മഹത്ത്വം അവന്റെ ദീനിലുള്ള വിജ്ഞാനത്തിലും അതനുസരിച്ചുള്ള സൂക്ഷ്മതയോടെയുള്ള ജീവിതത്തിലുമാണ് കുടികൊള്ളുന്നത്. നബി(സ്വ)യോട് ചോദിക്കപ്പെട്ടു: "പ്രവാചകരേ, ജനങ്ങളിൽവച്ച് ഏറ്റവും ആദരണീയർ ആരാണ്?" നബി(സ്വ) പറഞ്ഞു: "അവരുടെ കൂട്ടത്തിൽ ഏറ്റവും തക്വ്‌വയുള്ളവർ." സ്വഹാബത്ത് പറഞ്ഞു: "അതല്ല ഞങ്ങൾ ഉദ്ദേശിച്ചത്." അപ്പോൾ നബി(സ്വ) പറഞ്ഞു: "ഒരു പ്രവാചകന്റെ മകനും പ്രവാചകനും കൂടിയായ യൂസുഫ്(അ)." അപ്പോഴും അവർ പറഞ്ഞു; "ഞങ്ങൾ അതല്ല ഉദ്ദേശിച്ചത്." അപ്പോൾ നബി(സ്വ) ഒരു വിഭാഗത്തെയാണ് അവർ ഉദ്ദേശിക്കുന്നത് എന്ന് മനസ്സിലാക്കി തിരിച്ചു ചോദിച്ചു: "അറബികളുടെ തറവാടും അതിന്റെ മഹിമയും അനുസരിച്ചിട്ടുള്ളവരെക്കുറിച്ചാണോ നിങ്ങൾ എന്നോട് ചോദിക്കുന്നത്?" തുടർന്ന് നബി(സ്വ) പറഞ്ഞു: "ജാഹിലിയ്യത്തിലെ ഉത്തമർ ഇസ്‌ലാമിലും ഉത്തമരാണ്; അവർ ദീനിൽ അവഗാഹം നേടിയിട്ടുണ്ടെങ്കി ൽ"(മുസ്‌ലിം).

പ്രവാചകാനുയായികൾക്കിടയിൽ അറിവുള്ളവർക്ക് വലിയ മഹത്ത്വവും സ്ഥാനവുമാണ് ഉണ്ടായിരുന്നത്. ഉമർ ബിൻ ഖത്ത്വാബ്(റ) തന്റെ ഭരണകാലത്ത്, കുട്ടിയായിരുന്ന ഇബ്നു അബ്ബാസി(റ)നെ തന്റെ കൂടിയാലോചനാ സദസ്സുകളിൽ ഉൾപ്പെടുത്തുകയും അദ്ദേഹത്തിന് നല്ല സ്ഥാനവും ആദരവും നൽകുകയും ചെയ്തിരുന്നു. എന്നാൽ എന്തിനാണ് ചെറുപ്പക്കാരനായ ഇദ്ദേഹത്തിന് ഇത്ര വലിയ സ്ഥാനം നൽകുന്നതെന്ന് മറ്റുള്ളവർക്കിടയിൽ ചില സംസാരങ്ങളും അഭിപ്രായങ്ങളും ഉണ്ട് എന്ന് ഉമർ(റ) മനസ്സിലാക്കി. പ്രായം കുറവാണെങ്കിലും അദ്ദേഹത്തിന്റെ അറിവിന്റെ ആഴം മറ്റുള്ളവർക്ക് കൂടി ബോധ്യപ്പെടുത്തുവാൻ ഉമർ(റ) അവരെ എല്ലാവരെയും ഒരുമിച്ചുകൂട്ടി 'അല്ലാഹുവിന്റെ സഹായവും വിജയവും വന്നുകിട്ടിയാൽ' എന്ന് തുടങ്ങുന്ന സൂറതുന്നസ്വ്റിനെ (അധ്യായം 110) കുറിച്ച് എന്താണ് നിങ്ങൾക്ക് പറയാനുള്ളത് എന്ന് ചോദിച്ചു. അവർ വ്യത്യസ്തങ്ങളായ മറുപടി പറഞ്ഞു. അല്ലാഹു ഞങ്ങൾക്ക് പ്രത്യേകമായ സഹായവും വിജയവും നൽകുമ്പോൾ അതിന് പ്രത്യുപകാരമായും നന്ദിസൂചകമായും റബ്ബിനെ സ്തുതിക്കുവാനും പാപമോചനം തേടുവാനും ഞങ്ങളോട് കൽപിക്കുന്ന സൂറത്താണിത് എന്ന് ചിലർ അഭിപ്രായപ്പെട്ടു. മറ്റുചിലർ പറഞ്ഞത് 'ഞങ്ങൾക്ക് ഈ വിഷയത്തിൽ പ്രത്യേകമായി ഒന്നും അറിയില്ല' എന്നായിരുന്നു. ഈ സന്ദർഭത്തിൽ ഉമർ(റ) കൂട്ടത്തിലുണ്ടായിരുന്ന ഇബ്നു അബ്ബാസി(റ)നോട് ഈ വിഷയത്തിൽ എന്താണ് പറയാനുള്ളതെന്ന് അന്വേഷിച്ചു. 'ഈ സൂറത്ത് മക്കാവിജയത്തെ സംബന്ധിച്ചുള്ളതാണ്. നബി(സ്വ)യുടെ ദൗത്യം ഏകദേശം പൂർത്തിയായി, അദ്ദേഹത്തി

ന്റെ മരണം അടുത്തിരിക്കുന്നു എന്ന സൂചനയാണ് ഇതിലുള്ളത് എന്ന് ഇബ്നു അബ്ബാസ്(റ) മറുപടി നൽകി. യഥാർഥത്തിലുള്ള ഈ വിശദീകരണത്തിലൂടെ അദ്ദേഹത്തിന്റെ ആഴത്തിലുള്ള അറിവ് അവിടെയുള്ളവർക്കെല്ലാം ബോധ്യപ്പെടാൻ അത് കാരണമായി.

ഇഹലോകത്ത് കൂടുതൽ കിട്ടുവാൻ വേണ്ടി പ്രാർഥിക്കുവാൻ അല്ലാഹു ആവശ്യപ്പെട്ടിട്ടുള്ളത് വിജ്ഞാനത്തെ കുറിച്ചാണ്: ‘പറയുക: രക്ഷിതാവേ, നീ എനിക്ക് അറിവ് വർധിപ്പിച്ചുതരേണമേ’ (ക്വുർആൻ 20:114).

അറിവിന്റെ മഹത്ത്വം മനസ്സിലാക്കാൻ ഇതുതന്നെ മതിയായതാണ്. വിജ്ഞാനത്തോടുള്ള മനുഷ്യരുടെ സമീപനം വ്യത്യസ്തമാണ്. പ്രധാനമായും മൂന്നു തരത്തിലാണ് ജനങ്ങൾ അറിവിനോടുള്ള നിലപാട് വച്ചുപുലർത്തുന്നത്. ഒന്നാമത്തെ വിഭാഗം ധാരാളം അറിവുകൾ നേടുകയും അതെല്ലാം കർമപഥത്തിൽ കൊണ്ടുവരികയും ചെയ്യുന്നവരാണ്. ഇവരാണ് ഏറ്റവും ശ്രേഷ്ഠതയുള്ളവർ. രണ്ടാമത്തെ വിഭാഗം അറിവുകൾ നേടി അതൊന്നും ജീവിതത്തിൽ പകർത്താത്തവരാണ്. മൂന്നാമത്തെ വിഭാഗമാകട്ടെ അറിവോ അടിസ്ഥാനമോ ഇല്ലാതെ കർമങ്ങൾ ചെയ്തുകൂട്ടുന്നവരുമാണ്. ഇതിൽ പരാമർശിച്ച ഒന്നാമത്തെ വിഭാഗത്തിൽ പെടാനാണ് നാം നിരന്തര പരിശ്രമം നടത്തേണ്ടത്.

മനുഷ്യർ നേടുന്ന വിജ്ഞാനത്തിൽ ഏറ്റവും ശ്രേഷ്ഠമായത് വിശുദ്ധ ക്വുർആനും നബി(സ്വ)യുടെ സുന്നത്തുമാണ്. ഒരാൾക്ക് സന്മാർഗത്തിൽ എത്തിച്ചേരുവാൻ ഈ രണ്ട് അടിസ്ഥാനപ്രമാണങ്ങളെ കൃത്യമായ സ്രോതസ്സുകളിൽനിന്ന് ശരിയായ വിധം പഠിച്ചറിയൽ അനിവാര്യമാണ്. നാം ചെയ്യുന്ന കർമങ്ങൾ സ്വീകരിക്കപ്പെടുവാൻ അത് പ്രവാചകൻ പഠിപ്പിച്ച രൂപത്തിൽ അനുഷ്ഠിക്കണം എന്നത് നിർബന്ധമാണ്. മതകാര്യങ്ങളിൽ അറിവുള്ളവരും അറിവില്ലാത്തവരും ഒരിക്കലും സമമാവുകയില്ലെന്ന് ക്വുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു: “പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാന്മാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ”(39:9).

### ഫിക്ഹിന്റെ ഇനങ്ങൾ

ഇസ്ലാമിക കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ രണ്ടുതരം ഫിക്ഹിനെ കുറിച്ച് ചർച്ച ചെയ്യുന്നത് കാണാനാകും. ഇതിൽ ഒന്നാമത്തേത് മതത്തിന്റെ അടിസ്ഥാന വിശ്വാസങ്ങളെ കുറിച്ചുള്ളതാണ്. ‘ഫിക്ഹുൽ അക്ബർ’ എന്നാണ് സാധാരണയായി ഇതിന് പ്രയോഗിക്കാറുള്ളത്. വിശുദ്ധ ക്വുർആനിൽനിന്നും ഹദീസുകളിൽനിന്നും നേർക്കുനേരെ സ്വീകരിക്കുകയില്ലാതെ അതിനെക്കുറിച്ച് മനസ്സിലാക്കുവാൻ മറ്റു വഴികളില്ല.

രണ്ടാമത്തെ ഫിക്ഹ് മനുഷ്യന്റെ കർമകാര്യങ്ങളുമായും ഇടപാടുകളുമായും ബന്ധപ്പെട്ടവയാണ്. ഇതിന്റെ അടിസ്ഥാനം വിശുദ്ധ ക്വുർആനും തിരുസുന്നത്തും തന്നെയാണ്. നേർക്കുനേരെ പ്രമാണങ്ങളിൽ കാണുന്ന കർമകാര്യങ്ങൾ അങ്ങനെ തന്നെ സ്വീകരിക്കുകയും, നേർക്കുനേരെ കാണാത്തവയെ ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനങ്ങൾ മാനദണ്ഡമാക്കി നിർധാരണം ചെയ്തെടുക്കുകയും ചെയ്യുന്നു.

സ്വഹാബിമാരിൽ ധാരാളം പേർ കർമശാസ്ത്രത്തിൽ

**വിജ്ഞാനത്തോടുള്ള മനുഷ്യരുടെ സമീപനം വ്യത്യസ്തമാണ്. പ്രധാനമായും മൂന്നു തരത്തിലാണ് ജനങ്ങൾ അറിവിനോടുള്ള നിലപാട് വച്ചുപുലർത്തുന്നത്. ഒന്നാമത്തെ വിഭാഗം ധാരാളം അറിവുകൾ നേടുകയും അതെല്ലാം കർമപഥത്തിൽ കൊണ്ടുവരികയും ചെയ്യുന്നവരാണ്. ഇവരാണ് ഏറ്റവും ശ്രേഷ്ഠതയുള്ളവർ. രണ്ടാമത്തെ വിഭാഗം അറിവുകൾ നേടി അതൊന്നും ജീവിതത്തിൽ പകർത്താത്തവരാണ്. മൂന്നാമത്തെ വിഭാഗമാകട്ടെ അറിവോ അടിസ്ഥാനമോ ഇല്ലാതെ കർമങ്ങൾ ചെയ്തുകൂട്ടുന്നവരുമാണ്. ഇതിൽ പരാമർശിച്ച ഒന്നാമത്തെ വിഭാഗത്തിൽ പെടാനാണ് നാം നിരന്തര പരിശ്രമം നടത്തേണ്ടത്.**

ഏറെ കഴിവുറ്റവരായിരുന്നു. ഖലീഫമാരായ അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ), അലി(റ) എന്നിവർ ഈ രംഗത്ത് പ്രമുഖരാണ്.

ഇബ്നു അബ്ബാസ്(റ), ഇബ്നു മസ്ഊദ്(റ), ഉബയ്യുബ്നു കഅ്ബ്(റ), മുആദ് ബ്നു ജബൽ(റ), ആഇശ(റ) തുടങ്ങിയവർ കർമശാസ്ത്രത്തിൽ അവഗാഹമുള്ള സ്വഹാബിമാരിലെ പ്രധാനികളാണ്. വ്യത്യസ്ത കർമശാസ്ത്ര വിഷയങ്ങളിൽ ക്വുർആനിൽനിന്നും സുന്നത്തിൽനിന്നും തെളിവുപിടിച്ച് സമൂഹത്തെ പഠിപ്പിച്ച ഒട്ടനവധി സംഭവങ്ങൾ നമുക്ക് ഈ മഹാന്മാരുടെ ജീവിതത്തിൽ കാണാനാകും. താബിഈ പണ്ഡിതർ സ്വഹാബത്തിന്റെ കാലശേഷം ഈ രംഗത്ത് സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുകയും ചെയ്തു.

**കർമശാസ്ത്ര സരണികൾ**

താബിഉകളുടെ കാലശേഷം കടന്നുവന്ന തലമുറയിൽ അറിയപ്പെട്ട കർമശാസ്ത്ര പണ്ഡിതരെ നമുക്ക് കാണാനാകും. ലോകത്ത് അറിയപ്പെട്ട നാല് പ്രധാന കർമശാസ്ത്ര സരണികൾ പ്രസിദ്ധമാണല്ലോ. ഇതിൽ ഒന്നാമത്തെത് ഇമാം അബൂഹനീഫ(റഹി)യിലേക്ക് ചേർത്തിപ്പറയുന്ന ഹനഫി മദ്ഹബാണ്. ഹിജ്റ 150ലാണ് ഇമാം അബു ഹനീഫ(റഹി) മരണപ്പെടുന്നത്. നുഅ്മാനുബ്നു സാബിത്ത് എന്നാണ് അദ്ദേഹത്തിന്റെ യഥാർഥ പേര്. രണ്ടാമത്തെത് ഇമാം മാലിക് ബിൻ അനസി(റഹി)ലേക്ക് ചേർത്തിപ്പറയുന്ന മാലികി മദ്ഹബാണ്. ഹിജ്റ 179ലാണ് അദ്ദേഹം മരണപ്പെടുന്നത്. മൂന്നാമത്തെത് ഇമാം മുഹമ്മദുബ്നു ഇദിരീസ് അശ്ശാഫിഈ(റഹി)യിലേക്ക് ചേർത്തിപ്പറയുന്ന ശാഫിഈ മദ്ഹബാണ്. നാലാമത്തെത് ഇമാം അഹ്മദുബ്നു ഹമ്പലി(റ)ലേക്ക് ചേർത്തപ്പറയുന്ന ഹമ്പലി മദ്ഹബാണ്. ഹിജ്റ 241ലാണ് ഇമാം അഹ്മദ്(റഹി) മരണപ്പെടുന്നത്.



**ഒരു പണ്ഡിതന്റെയും വാക്കുകളെ അന്ധമായി അനുകരിക്കാതെ, വിശുദ്ധ ക്വുർആനിൽനിന്നും തിരുസുന്നത്തിൽ നിന്നും തെളിവുകൾ സ്വീകരിച്ചുകൊണ്ട് തങ്ങളുടെ കർമങ്ങളെ ശരിയാക്കുകയാണ് വിശ്വാസികൾ ഈ രംഗത്ത് സ്വീകരിക്കേണ്ടുന്ന ശരിയായ നിലപാട്. പ്രമാണങ്ങളിൽ തെളിവില്ലാതെ ആരു പറഞ്ഞാലും അത് സ്വീകരിക്കേണ്ട ബാധ്യത വിശ്വാസികൾക്കില്ല.**

ഇവിടെ നാം മനസ്സിലാക്കേണ്ട പ്രത്യേകമായ ഒരു കാര്യമുണ്ട്. ഈ നാല് കർമശാസ്ത്ര പണ്ഡിതന്മാരും പ്രത്യേകമായ കർമശാസ്ത്രസരണി സ്വയം ഉണ്ടാക്കിയവരല്ല. കർമശാസ്ത്ര രംഗത്തെ ഈ പണ്ഡിതന്മാരുടെ കഴിവും സമൂഹത്തിൽ അവർക്കുണ്ടായിരുന്ന സ്വീകാര്യതയും ഭരണകർത്താക്കൾ അവർക്ക് നൽകിയ സ്ഥാനവും ശിഷ്യന്മാർക്കിടയിൽ ഇവർക്കുണ്ടായിരുന്ന സ്വാധീനവുമെല്ലാമാണ് അവരുടെ മദ്ഹബുകൾ പ്രത്യേകം അറിയപ്പെടുവാൻ കാരണമായത്.

ഈ നാല് പണ്ഡിതന്മാർ

മാത്രമെ ഇസ്‌ലാമിക കർമശാസ്ത്രത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ളൂ എന്ന് മനസ്സിലാക്കിക്കൂടാ. മഹാന്മാരായ ഈ നാലു കർമശാസ്ത്ര പണ്ഡിതന്മാരുടെ കാലത്തുതന്നെ ഇസ്‌ലാമിക ചരിത്രത്തിൽ നിസ്തുലമായ കർമശാസ്ത്ര സംഭാവനകൾ നൽകിയ മറ്റു പണ്ഡിതന്മാരും ഉണ്ടായിട്ടുണ്ട് എന്നത് നമുക്ക് ചരിത്രത്തിൽ കാണാനാകും.

ഹിജ്‌റ 157ൽ മരണപ്പെട്ട ഇമാം ഔസാഈ(റഹി) ശാമിലെ വലിയ പണ്ഡിതനായിരുന്നു. ഇമാം സുഫ്‌യാനുസ്സൗരി(റഹി) കൂഫയിൽവച്ച് ഹിജ്‌റ 161 ൽ മരണപ്പെട്ട മുഹദ്ദിസും കർമശാസ്ത്ര പണ്ഡിതനുമാണ്. ഹിജ്‌റ 175ൽ മരണപ്പെട്ട ഇമാം ലൈസ്ബ്നു സഅദ്(റഹി) ഇക്കാലഘട്ടത്തിൽ മിസ്‌റിൽ ജീവിച്ച മഹാനായ കർമശാസ്ത്ര പണ്ഡിതനായിരുന്നു.

**മദ്ഹബുകളോടുള്ള സമീപനം**

ഇസ്‌ലാമിക ലോകത്ത് മുകളിൽ സൂചിപ്പിച്ചതും അല്ലാത്തതുമായ ഒരുപാട് മദ്ഹബുകളെ അഥവാ കർമശാസ്ത്ര സരണികളെ നമുക്ക് കാണാനാകും. ഇവയോടെല്ലാമുള്ള ഒരു വിശ്വാസിയുടെ സമീപനം കൃത്യമായി മനസ്സിലാക്കൽ ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്. കർമശാസ്ത്ര പണ്ഡിതന്മാർ പല വിഷയങ്ങളിലും അഭിപ്രായവ്യത്യാസങ്ങളുള്ളവർ ആയിരുന്നെങ്കിലും എല്ലാവരും പരസ്പരം ആദരവും ബഹുമാനവും വച്ചുപുലർത്തിയിരുന്നു.

ഇമാം മാലികി(റ)ന്റെ ശിഷ്യനാണ് ഇമാം ശാഫിഈ(റ). ഇമാം ശാഫിഈയുടെ ശിഷ്യനാണ് ഇമാം അഹ്മദ് ബിൻ ഹമ്പൽ(റഹി). ഈ പണ്ഡിതന്മാർ പരസ്പരം ഹദീസുകൾ റിപ്പോർട്ട് ചെയ്തതായും നമുക്ക് വായിക്കാനാകും. പണ്ഡിതന്മാർ തമ്മിൽ അഭിപ്രായ വ്യത്യാസമുള്ള കർമശാസ്ത്ര വിഷയങ്ങളിൽ കൂടുതൽ പ്രമാണങ്ങളോട് യോജിച്ച നിലപാടിനെ സ്വീകരിക്കുന്ന സമീപനമാണ് വിശ്വാസികൾക്ക് ഉണ്ടാവേണ്ടത്.

**മനുഷ്യർ നേടുന്ന വിജ്ഞാനത്തിൽ ഏറ്റവും ശ്രേഷ്ഠമായത് വിശുദ്ധ ക്വുർആനും നബി(സ്വ)യുടെ സുന്നത്തുമാണ്. ഒരാൾക്ക് സന്മാർഗത്തിൽ എത്തിച്ചേരുവാൻ ഈ രണ്ട് അടിസ്ഥാനപ്രമാണങ്ങളെ കൃത്യമായ സ്രോതസ്സുകളിൽനിന്ന് ശരിയായ വിധം പഠിച്ചറിയൽ അനിവാര്യമാണ്. നാം ചെയ്യുന്ന കർമങ്ങൾ സ്വീകരിക്കപ്പെടുവാൻ അത് പ്രവാചകൻ പഠിപ്പിച്ച രൂപത്തിൽ അനുഷ്ഠിക്കണം എന്നത് നിർബന്ധമാണ്. മതകാര്യങ്ങളിൽ അറിവുള്ളവരും അറിവില്ലാത്തവരും ഒരിക്കലും സമമാവുകയില്ലെന്ന് ക്വുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.**

ഇമാം ശൻക്വീത്വി(റഹി) തന്റെ ‘ഔദാഉൽ ബയാൻ’ എന്ന ഗ്രന്ഥത്തിൽ ഈ വിഷയത്തിൽ പറഞ്ഞത് ഇപ്രകാരമാണ്:

“നാലു കർമശാസ്ത്ര മദ്ഹബുകളോടും അതല്ലാത്ത കർമശാസ്ത്ര സരണികളോടുമുള്ള നമ്മുടെ സമീപനം എക്കാലഘട്ടത്തിലും ലോക മുസ്‌ലിംകൾ പുലർത്തിപ്പോന്ന നീതിയുക്തമായ നിലപാടാണ്. അത് അവരോട് സ്നേഹബന്ധം പുലർത്തുകയും അവരെ ബഹുമാനിക്കുകയും ആദരിക്കുകയും അവരുടെ നന്മകളെ പുകഴ്ത്തിപ്പറയുകയും ചെയ്തുകൊണ്ടുള്ള രീതിയാണ്. അവരുടെ അറിവിനെയും ഭയഭക്തിയും നാം ആദരിക്കുകയും ചെയ്യുന്നു. അവരൊക്കെ വിശുദ്ധ ക്വുർആനിനെയും നബി(സ്വ)യുടെ സുന്നത്തിനെയും കർമശാസ്ത്ര രംഗങ്ങളിൽ എത്രകണ്ട് പിൻപറ്റിയോ അതേരൂപത്തിൽ അവരെ പിൻപ റ്റുകയും അവ രണ്ടിനും സ്വന്തം അനുഭവങ്ങളെക്കാളും ബുദ്ധിയെക്കാളും പ്രാധാന്യം കൽപിക്കുകയും, അതോടൊപ്പം ഈ കർമശാസ്ത്ര പണ്ഡിതന്മാരുടെ ഓരോ വിഷയത്തിലുമുള്ള അഭിപ്രായങ്ങളെ പഠിക്കു കയും അതിലൂടെ സത്യം കണ്ടെത്തുവാൻ വേണ്ടി ശ്രമിക്കുകയും ചെയ്യുക എന്നതാണ്. ക്വുർആനിനും സുന്നത്തിനും എതിരായിട്ടുള്ള പണ്ഡിതാഭിപ്രായങ്ങളെ നാം ഒഴിവാക്കുകയും വേണം.”

ഇസ്‌ലാമിക കർമശാസ്ത്ര രംഗത്ത് മഹിതമായ

സംഭാവനകളർപ്പിച്ചവരാണ് മദ്ഹബുകളുടെ ഇമാമുകളായി അറിയപ്പെട്ടവരും അല്ലാത്തവരുമായ കർമശാസ്ത്ര പണ്ഡിതന്മാർ. അവരുടെ മഹത്ത്വത്തെ വിലകുറച്ചു കാണുകയും അവരുടെ സേവനങ്ങളെ ഇടിച്ചുതാഴ്ത്തുകയും ചെയ്യുന്ന രൂപത്തിലുള്ള സംസാരങ്ങളും പ്രവർത്തനങ്ങളും ഒരിക്കലും വിശ്വാസികളുടെ ഭാഗത്തുനിന്ന് ഉണ്ടായിക്കൂടാ. എന്നാൽ അന്ധമായി അവർ പറയുന്നതിനെയെല്ലാം സ്വീകരിക്കുന്ന നിലപാടും ശരിയല്ല. അവർ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ പ്രമാണങ്ങളോട് യോജിച്ചതാണെങ്കിൽ സ്വീകരിക്കുകയും അല്ലാത്തതാണെങ്കിൽ തള്ളിക്കളയുകയുമാണ് വേണ്ടത്. ഇസ്‌ലാമിക വിഷയങ്ങളിൽ വിശുദ്ധ ക്വുർആനും പ്രവാചകന്റെ ഹദീസു കളും മുമ്പിൽ വച്ച് അതിൽനിന്ന് തെളിവ് സ്വീകരിക്കുവാൻ പാണ്ഡിത്യമുള്ളവർ അങ്ങനെ ചെയ്യുകയും അതിന് വൈജ്ഞാനികമായി സാധിക്കാത്തവർ അറിവുള്ളവരോട് ചോദിച്ച് തെളിവുകളെ മനസ്സിലാക്കി അത് അനുസരിച്ച് പ്രവർത്തിക്കുകയുമാണ് വേണ്ടത്. ഇതൊന്നുമല്ലാതെ കേവലം ഒരു പണ്ഡിതനെയോ മറ്റോ അന്ധമായി മതവിഷയത്തിൽ അനുകരിക്കുക എന്ന നിലപാട് ശരിയല്ല. വിശുദ്ധ ക്വുർആനിലൂടെ അല്ലാഹു പറഞ്ഞത് ഏറെ പ്രസക്തമാണ്: “നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ (വേദംകോണ്ട്) ഉൽബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ചു നോക്കുക” (16:43).

ഹദീസുകൾ സ്വീകാര്യയോഗ്യമായി വന്നാൽ അതാണ് എന്റെ മദ്ഹബ് എന്ന് പ്രഖ്യാപിച്ചവരാണ് കർമശാസ്ത്ര പണ്ഡിതന്മാരെല്ലാം എന്ന വസ്തുതയും ഇതുമായി ബന്ധപ്പെട്ട് നാം ചേർത്തു മനസ്സിലാ ക്കേണ്ടതാണ്. പ്രമാണങ്ങൾ നോക്കാതെയുള്ള അന്ധമായ അനുകരണത്തെ എതിർത്തവരായിരുന്നു അവരെല്ലാവരും.



ഈ രംഗത്തുള്ള അവരുടെ പ്രതികരണങ്ങൾ നമുക്ക് ഇപ്രകാരം വായിക്കാം:

ഇമാം അബൂ ഹനീഫ(റഹി): ‘ഹദീസ് സ്വഹീഹായി വന്നാൽ അതാണ് എന്റെ മദ്ഹബ്.’ ‘അല്ലാഹുവിന്റെ ഗ്രന്ഥത്തിനും റസൂലിന്റെ വാക്കുകൾക്കും എതിരായി ഒരു വാക്ക് ഞാൻ പറഞ്ഞാൽ എന്റെ വാക്കിനെ നിങ്ങൾ ഉപേക്ഷിച്ചു കളയുക.’

ഇമാം മാലിക്(റഹി): ‘നിശ്ചയമായും ഞാനൊരു മനുഷ്യൻ മാത്രമാണ്. എനിക്ക് അബദ്ധം പറ്റും, ശരിയാവുകയും ചെയ്യും. അതിനാൽ എന്റെ അഭിപ്രായങ്ങളിലേക്ക് നോക്കുക, കിതാബും സുന്നത്തുമായി യോജിച്ചുവരുന്നതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. കിതാബും സുന്നത്തുമായി യോജിച്ചുവരാത്തത് നിങ്ങൾ അവഗണിച്ചു കളയുകയും ചെയ്യുക.’

ഇമാം ശാഫിഈ(റഹി): ‘എന്റെ ഗ്രന്ഥങ്ങളിൽ റസൂലി(സ്വ)ന്റെ ചര്യക്കെതിരായി വല്ലതും നിങ്ങൾ കണ്ടെത്തുകയാണെങ്കിൽ, റസൂലിന്റെ ചര്യയുടെ അടിസ്ഥാനത്തിൽ നിങ്ങൾ സംസാരിക്കുക; ഞാൻ പറഞ്ഞത് അവഗണിക്കുകയും ചെയ്യുക.’

ഒരു പണ്ഡിതന്റെയും വാക്കുകളെ അന്ധമായി അനുകരിക്കാതെ, വിശുദ്ധ ക്വുർആനിൽനിന്നും തിരുസുന്നത്തിൽനിന്നും തെളിവുകൾ സ്വീകരിച്ചുകൊണ്ട് തങ്ങളുടെ കർമങ്ങളെ ശരിയാക്കുകയാണ് വിശ്വാസികൾ ഈ രംഗത്ത് സ്വീകരിക്കേണ്ടുന്ന ശരിയായ നിലപാട്. പ്രമാണങ്ങളിൽ തെളിവില്ലാതെ ആരു പറഞ്ഞാലും അത് സ്വീകരിക്കേണ്ട ബാധ്യത വിശ്വാസികൾക്കില്ല.



# ജനലക്ഷങ്ങൾ മക്കയിലേക്ക്

**മർവാൻ ബിൻ അബ്ദുൽ മജീദ്**
മദീന യൂനിവേഴ്സിറ്റി

'അല്ലാഹുവേ, ഞാൻ നിന്റെ വിളിക്ക് ഉത്തരം നൽകി ഇതാ വന്നിരിക്കുന്നു. നിനക്ക് യാതൊരു പങ്കുകാരനുമില്ല. തീർച്ചയായും സർവസ്തുതിയും അനുഗ്രഹവും ആധിപത്യവും നിനക്ക് മാത്രമാണ്.'

ലോകത്തിന്റെ നാനാഭാഗത്തുനിന്നും ദശലക്ഷക്കണക്കിന് വിശ്വാസികൾ ഒരേ മന്ത്രം ഉരുവിട്ടുകൊണ്ട് മക്ക എന്ന കേന്ദ്രത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുകയാണ്. പ്രവാചകൻ(സ്വ) 'അല്ലാഹുവിന്റെ ഉത്തമ ഭൂമി' എന്ന് വിശേഷിപ്പിച്ച, അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട ആ പരിശുദ്ധ മണ്ണിലേക്കാണ് ഹാജിമാരുടെ ഈ പ്രയാണം. വംശീയതയുടെയും ഭാഷയുടെയും അതിർവരമ്പുകൾ മായ്ച്ചുകളഞ്ഞുകൊണ്ട്, മനുഷ്യർക്ക് ഏകദൈവ വിശ്വാസത്തിന്റെ അകക്കാമ്പ് പകർന്നു നൽകുന്ന, ലോകത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമമാണ് നടക്കാൻ പോകുന്നത്. മക്കയിലെ ഹറമിൽ അനുഷ്ഠിക്കുന്ന ഒരു നമസ്കാരത്തിന് മറ്റു പള്ളികളിൽ അനുഷ്ഠിക്കുന്നതിനെക്കാൾ ഒരു ലക്ഷം ഇരട്ടി പ്രതിഫലമാണ് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്.

**ഇബ്റാഹീം നബി(അ)യും കുടുംബവും: ത്യാഗത്തിന്റെ ഓർമകൾ**

ഹജ്ജിന്റെ ഓരോ കർമവും ഇബ്റാഹീം നബി(അ) മക്കയുടെ മണ്ണിൽ രചിച്ച സമാനതകളില്ലാത്ത ത്യാഗചരിത്രത്തിന്റെ ഓർമപ്പെടുത്തലുകളാണ്. അല്ലാഹുവിനോടുള്ള സ്നേഹത്തിന് മുന്നിൽ സ്വന്തം ഇഷ്ടാനിഷ്ടങ്ങളെ ബലികഴിച്ച ആ മഹാനെ അനുസ്മരിക്കാതെ ഹജ്ജ് ചെയ്യാൻ സാധ്യമല്ല.

**വിജനമായ താഴ്വരയിലെ പരീക്ഷണം**

വാർധക്യകാലത്ത് തനിക്ക് ലഭിച്ച ഏക മകനെയും പത്നിയെയും അല്ലാഹുവിന്റെ കൽപനപ്രകാരം ജനവാസമില്ലാത്ത മക്കയിലെ മരുഭൂമിയിൽ താമസിപ്പിക്കാൻ അദ്ദേഹം തയ്യാറായി. മരുഭൂമിയിലെ ചുട്ടു പൊള്ളുന്ന മണലിൽ അവരെ തനിച്ചാക്കി തിരിഞ്ഞു നടക്കുമ്പോൾ, വിങ്ങുന്ന ഹൃദയത്തോടെ ഹാജറ ബീവി ചോദിച്ചു: 'അല്ലാഹുവാണോ നിങ്ങളോട് ഇത് ചെയ്യാൻ കൽപിച്ചത്?' അദ്ദേഹം 'അതെ' എന്ന് മറുപടി നൽകിയപ്പോൾ, 'എങ്കിൽ അല്ലാഹു ഞങ്ങളെ ഒരിക്കലും കൈവിടില്ല' എന്നായിരുന്നു ആ മഹതിയുടെ പ്രതികരണം.

**ഹാജറ ബീവിയുടെ വിശ്വാസവും സംസമിന്റെ ഉത്ഭവവും**

കയ്യിലുണ്ടായിരുന്ന വെള്ളവും ഭക്ഷണവും തീർന്നപ്പോൾ കുഞ്ഞു ഇസ്മാഈൽ ദാഹം കൊണ്ട് നിലവിളിക്കാൻ തുടങ്ങി. ഒരിറ്റു വെള്ളത്തിനായി ഹാജറ ബീവി സഫാ, മർവ കുന്നുകൾക്കിടയിൽ ഓടി. ആ മാതൃഹൃദയത്തിന്റെ ആ വേദനയും അചഞ്ചലമായ വിശ്വാസവും കണ്ട റബ്ബ് 'സംസം' എന്ന അത്ഭുത ഉറവ ഒഴുക്കിക്കൊടുത്തു. ഇന്നും വറ്റാതെ നിലനിൽക്കുന്ന ആ അത്ഭുത പുണ്യതീർഥം ഇബ്റാഹീം നബി(അ)യുടെ കുടുംബത്തിന്റെ ത്യാഗത്തെ അല്ലാഹു ആദരിച്ചതിന്റെ അനശ്വരമായ അടയാളമാണ്.

**കഅ്ബയുടെ പുനർനിർമാണം**

പിന്നീട് ഇബ്റാഹീം നബിയും മകൻ ഇസ്മാഈലും ചേർന്ന് അല്ലാഹുവിന്റെ ഭവനം (കഅ്ബ) പുനർനിർമിച്ചു. കഅ്ബയുടെ ഭിത്തിയുടെ ഓരോ കല്ലും അടുക്കിവെക്കുമ്പോൾ അവർ അല്ലാഹുവിനോട് പ്രാർഥിച്ചത് തങ്ങളുടെ കർമം സ്വീകരിക്കണേ എന്നായിരുന്നു. ഹാജിമാർ കഅ്ബയെ ത്വവാഫ് ചെയ്യുമ്പോൾ ആ മഹത്തായ സമർപ്പണത്തിന്റെയും പ്രാർഥനയുടെയും സ്മരണകൾ അവരുടെയുള്ളിൽ നിറയാതിരിക്കില്ല.

**മുഹമ്മദ് നബി(സ): പീഡനങ്ങളുടെ കനൽവഴികൾ**

ഇബ്റാഹീം നബി(അ) പടുത്തുയർത്തിയ ഏകദൈവ വിശ്വാസത്തിന്റെ അടിത്തറയിൽ മക്കയെ വീണ്ടെടുത്തത് മുഹമ്മദ് നബി(സ)യാണ്. മക്കയുടെ മണ്ണിൽ അദ്ദേഹം അനുഭവിച്ച ത്യാഗങ്ങൾ ഓരോ വിശ്വാസിയുടെയും കണ്ണ് നനയിക്കുന്നതാണ്.

തൗഹീദിന്റെ സന്ദേശം പ്രചരിപ്പിച്ചതിന്റെ പേരിൽ 13 വർഷത്തോളം അദ്ദേഹം മക്കയിൽ ശാരീരികവും മാനസികവുമായ ക്രൂരപീഡനങ്ങൾ നേരിട്ടു. പ്രാർഥനാനിരതനായിരിക്കെ അദ്ദേഹത്തിന്റെ ശരീരത്തിലേക്ക് ഒട്ടകത്തിന്റെ ചീഞ്ഞഴുകിയ കുടൽമാലകൾ ശത്രുക്കൾ വലിച്ചെറിഞ്ഞു. വഴികളിൽ മുള്ളുകൾ വിതറിയും കല്ലെറിഞ്ഞും പരിഹസിച്ചും അവർ അദ്ദേഹത്തെ ഉപദ്രവിച്ചു. എന്നിട്ടും അദ്ദേഹം അവരെ വെറുത്തില്ല. അവർ നേരിന്റെ വഴിയിൽ വരാൻ അദ്ദേഹം പ്രാർഥിച്ചു.

മൂന്ന് വർഷക്കാലം 'ശിഅ്ബ് അബീത്വാലിബ്' എന്ന താഴ്വരയിൽ അദ്ദേഹത്തെയും കുടുംബത്തെയും അനുയായികളെയും ശത്രുക്കൾ തടവിലാക്കി. ഉപരോധത്താൽ പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതെ, ഭക്ഷണമോ വെള്ളമോ ലഭിക്കാതെ അവർ കഷ്ടപ്പെട്ടു. വിശപ്പ് സഹിക്കവയ്യാതെ മരത്തിന്റെ ഇലകൾ വരെ തിന്നേണ്ടിവന്ന ആ കാലഘട്ടം പ്രവാചകന്റെ ത്യാഗത്തിന്റെ ആഴം വെളിപ്പെടുത്തുന്നു.

വധശ്രമങ്ങളിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹുവിന്റെ കൽപന പ്രകാരം സ്വന്തം ജന്മനാട് വിട്ടുപോകേണ്ടി വന്നപ്പോൾ, മക്കയുടെ മലനിരകളെ നോക്കി അദ്ദേഹം വിതുമ്പിക്കൊണ്ട് പറഞ്ഞു: 'അല്ലാഹുവാണെ സത്യം, നീ അല്ലാഹുവിന്റെ ഭൂമിയിൽ ഏറ്റവും ഉത്തമമായതും അവന് ഏറ്റവും പ്രിയപ്പെട്ടതുമായ ഭൂമിയാണ്. നിന്നെ വിട്ടുപോകാൻ എന്നെ നിർബന്ധിതനാക്കിയിരുന്നില്ലെങ്കിൽ ഞാൻ ഒരിക്കലും നിന്നെ വിട്ടുപോകുമായിരുന്നില്ല.' എട്ടു വർഷങ്ങൾക്ക് ശേഷം തിരിച്ചുവരികയും മക്ക തന്റെ അധീനതയിലാവുകയും ചെയ്തപ്പോൾ, തന്നോട് ക്രൂരത കാണിച്ചവർക്കെല്ലാം അദ്ദേഹം മാപ്പുനൽകി മഹത്തായ മാതൃക കാണിച്ചു.

**ഹജ്ജ്**

തൽബിയത്ത് ചൊല്ലി ഹാജിമാർ ഇഹ്റാമിൽ പ്രവേശിക്കുന്നതോടെ ലൗകികമായ എല്ലാ വികാരങ്ങളും സൗകര്യങ്ങളും ആഡംബരങ്ങളും അപ്രസക്തമാകുന്നു. അവിടെ പണക്കാരനും പാവപ്പെട്ടവനും രാജാക്കന്മാരും പ്രജകളും ഒരുപോലെയാണ്. താൻ അല്ലാഹുവിന്റെ ഒരു എളിയ അടിമ മാത്രമാണെന്ന ബോധ്യത്തോടെ, അഹങ്കാരമെല്ലാം വെടിഞ്ഞ്, കണ്ണീരോടുകൂടി അല്ലാഹുവിന്റെ മുമ്പിൽ കീഴടങ്ങുന്ന കാഴ്ച ലോകത്തെ മറ്റെല്ലാ കാഴ്ചകളെക്കാളും ഉന്നതമാണ്.

കഅ്ബയെ ത്വവാഫ് ചെയ്യുമ്പോഴും സ്വഫാ-മർവ കുന്നുകൾക്കിടയിൽ സഅ്യ് ചെയ്യുമ്പോഴും മഹാന്മാരായ പ്രവാചകന്മാരെ ഓർക്കുന്ന ഹാജിമാരുടെയുള്ളിൽ വിശ്വാസത്തിന്റെ വെണ്മക്ക് തെളിച്ചം കൂടാതിരിക്കില്ല. മുസ്ദലിഫയിൽ രാപ്പാർത്തും ജംറകളിൽ കല്ലെറിഞ്ഞും അറഫാ സമതലത്തിൽ ഒത്തു ചേർന്നും ഹാജിമാർ ചെയ്യുന്ന ഓരോ കർമവും പ്രപഞ്ചനാഥനായ റബ്ബിന്റെ മുമ്പിലുള്ള കീഴൊതുങ്ങലാണ്.

പുണ്യമേറെയുള്ള അറഫാ ദിനത്തിൽ, ജീവിതത്തിൽ സംഭവിച്ചുപോയ തെറ്റുകുറ്റങ്ങൾ നിറകണ്ണുകളോടെ സ്രഷ്ടാവിനോട് ഏറ്റുപറഞ്ഞ് ഹാജിമാർ മനസ്സിനെ സ്ഫുടം ചെയ്തെടുക്കുന്നു. പശ്ചാത്തപിച്ചും പാപമോചന പ്രാർഥന നടത്തിയും ഹൃദയത്തെ ശുദ്ധീകരിച്ച് നവജാത ശിശുവിനെ പോൽ പുതിയ മനുഷ്യരായി ജീവിതത്തിലേക്ക് തിരിച്ചുനടക്കുന്ന ഹാജിമാരുടെ കാഴ്ച മനസ്സിന് ഏറെ കുളിർമയേകുന്നതാണ്.

"ആ ഭവനത്തെ (കഅ്ബയെ) ജനങ്ങൾ സമ്മേളിക്കുന്ന സ്ഥലവും ഒരു സുരക്ഷിത കേന്ദ്രവുമായി നാം നിശ്ചയിച്ചതും (ഓർക്കുക)..."(ക്വുർആൻ 2:125).

അതെ, ആ ഭവനംപോലെ സുരക്ഷിതവും പാവനവുമായ ഒരു സ്ഥലവും ഭൂമിയിലില്ല. ■





# ഇബ്നു സീന: വൈദ്യരംഗത്തെ വിജ്ഞാനകോശം

ഡോ. ടി. കെ. യൂസുഫ്
: 9349798262

ഇസ്‌ലാമിക നാഗരികതയുടെ കാലത്ത് വൈദ്യശാസ്ത്രത്തിന് നിസ്തുല സംഭാവനകൾ നൽകിയ ഒട്ടനേകം മുസ്‌ലിം പ്രതിഭകളുണ്ടായിട്ടുണ്ട്. മാനവചരിത്രത്തിൽ തന്നെ ഇത്തരം വ്യക്തിത്വങ്ങൾ അപൂർവമായി മാത്രമെ ഉണ്ടായിട്ടുള്ളൂ. അവരിൽ ഏറ്റവും അഗ്രഗണ്യനായി എണ്ണപ്പെടുന്നവരെയാണ് ഇവിടെ പ്രതിപാദിക്കുന്നത്. ക്ലിനിക്കൽ മെഡിസിന്റെ കുലപതി എന്ന് വിശേഷിപ്പിക്കാൻ പറ്റിയത് അബൂബക്കർ റാസിയാണ്. എ.ഡി 923ൽ മരണപ്പെട്ട അദ്ദേഹം തന്റെ 'ഹാവി ഫിത്തിബ്ബ്' എന്ന ഗ്രന്ഥത്തിൽ ധാരാളം രോഗ നിർണയ മാർഗങ്ങൾ പ്രതിപാദിക്കുന്നുണ്ട്. 1037ൽ മരണപ്പെട്ട ഇബ്നു സീന വൈദ്യശാസ്ത്രത്തിന്റെ ആചാര്യനാണെന്നത് ലോകം അംഗീകരിച്ചതാണ്. പുരാതനവും ആധുനികവുമായ ഒട്ടേറെ രോഗങ്ങളുടെ ചികിത്സയിലേക്ക് വെളിച്ചം വീശിയത് അദ്ദേഹമാണ്. ആധുനിക വൈദ്യശാസ്ത്ര പണ്ഡിതരിൽ പലരും ഇബ്നു സീനയുടെ 'കാനൻ' എന്ന ഗ്രന്ഥത്തെ ഒരു ആധികാരിക അവലംബമായി ഇന്നും ആശ്രയിക്കുന്നുണ്ട്.

രക്തചംക്രമണത്തെക്കുറിച്ച് ആദ്യമായി വ്യക്തമാക്കിയത് 1628ൽ ഇംഗ്ലീഷ് ഫിസിയോളജിസ്റ്റ് ആയ വില്യം ഹാർഫിയാണ്. എന്നാൽ ഈ

വിഷയത്തിൽ ശ്രദ്ധേയമായ കാൽവയ്പ്പുകൾ നടത്താൻ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഇബ്നു നഫീസിന് കഴിഞ്ഞിരുന്നു. ഇമാം സുബ്കി അദ്ദേഹത്തെക്കുറിച്ച് പറയുന്നത് ഭൂമുഖത്ത് അദ്ദേഹത്തെക്കാൾ വൈദ്യമറിയുന്ന ആരുമില്ലെന്നാണ്. ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും ദൗത്യങ്ങൾ വ്യവച്ഛേദിച്ച് മനസ്സിലാക്കിക്കൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

അറിയപ്പെട്ട മുസ്‌ലിം വൈദ്യശാസ്ത്ര പ്രതിഭകളെ പോലെ ഇബ്നു നഫീസും തന്റെ പഠനം ആരംഭിച്ചത് ഖുർആൻ മനഃപാഠമാക്കിക്കൊണ്ടാണ്. 1231ൽ തന്റെ ഇരുപത്തിരണ്ടാം വയസ്സിലാണ് അദ്ദേഹം വൈദ്യം പഠിക്കാനിറങ്ങിയത്. ചില ആരോഗ്യ പ്രശ്നങ്ങളാണ് അദ്ദേഹത്തെ വൈദ്യപഠനത്തിന് പ്രേരിപ്പിച്ചത്. അന്ന് ഇസ്‌ലാമിക ലോകത്ത് നിലവിലുണ്ടായിരുന്ന എല്ലാ ആശുപത്രികളിലെയും ഡോക്ടർമാരിൽനിന്ന് അദ്ദേഹം പഠിക്കുകയും പിന്നീട് ഇബ്നു സീനയുടെയും ഗാലന്റെയും ഗ്രന്ഥങ്ങളിൽ അവഗാഹം നേടുകയും ചെയ്തു. എത്രത്തോളമെന്നാൽ, ഇബ്നു സീനയുടെ കാനൻ അദ്ദേഹം കാണാതെ പഠിച്ചിരുന്നു! എന്നാൽ അദ്ദേഹത്തിന് വലിയ പ്രസിദ്ധിയൊന്നും അക്കാലത്ത് കൈവന്നില്ല. കാരണം അധികമാളുകൾക്കും അദ്ദേഹത്തിന്റെ സംഭാവനകൾ അജ്ഞാതമായിരുന്നു. ഇബ്നു നഫീസിന്റെ പ്രസിദ്ധ ഗ്രന്ഥങ്ങളിലൊന്ന് കാനന്റെ വിശദീകരണമാണ്. വേറെയും ധാരാളം ഗ്രന്ഥങ്ങളുണ്ട്; അവയുടെ എഴുത്ത് കോപ്പികൾ ഇന്നും സൂക്ഷിക്കപ്പെടുന്നുണ്ട്.

**ഇബ്നു സീനയുടെ ചരിത്രം**

വൈദ്യശാസ്ത്രത്തിന്റെ സർവ വിജ്ഞാന കോശം എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്. 1037ൽ അന്തരിച്ച അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ തുടർച്ചയായ ഏഴ് നൂറ്റാണ്ടുകൾ വൈദ്യശാസ്ത്ര പഠനത്തിന്റെ മുഖ്യ അവലംബമായിരുന്നു. പതിനേഴാം നൂറ്റാണ്ടിന്റെ പകുതിവരെ അദ്ദേഹത്തിന്റെ 'കാനൻ' (കാനൂൻ) യൂറോപ്യൻ യൂണിവേഴ്സിറ്റികളിൽ പഠിപ്പിക്കപ്പെട്ടിരുന്നു. ഒട്ടേറെ രോഗങ്ങളുടെ ചികിത്സക്ക് നാന്ദികുറിച്ച അദ്ദേഹമാണ് മാനസിക ഭാവത്തിന് ചികിത്സയിൽ പങ്കുണ്ടെന്ന് കണ്ടെത്തിയത്. യൂറോപ്യന്മാർ 'അവിസെന്ന' എന്ന് വിളിക്കുന്ന ഇബ്നു സീനയുടെ യഥാർഥ പേര് അബൂ അലി അൽഹുസൈനു ബിൻ അബ്ദുല്ലാഹ് എന്നാണ്. വൈദ്യശാസ്ത്രത്തിൽ മാത്രമല്ല, ഇസ്‌ലാമിക വിഷയങ്ങളിലും അദ്ദേഹം അഗ്രഗണ്യനാണ്. വൈദ്യശാസ്ത്രം, ഗോളശാസ്ത്രം, ഗണിതശാസ്ത്രം, തത്വചിന്ത തുടങ്ങി പല മേഖലകളിലും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

ഇന്ന് ഉസ്ബക്കിസ്ഥാൻ എന്ന പേരിലറിയപ്പെടുന്ന പ്രദേശത്ത് ബുഖാറക്ക് അടുത്ത് എഡി 980ലാണ് അദ്ദേഹം ജനിച്ചത്. ചെറുപ്പം മുതൽ തന്നെ മാതാപിതാക്കൾ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ കാര്യം ശ്രദ്ധിക്കുകയും ഗുരുക്കൻമാരെ വീട്ടിലേക്ക് വരുത്തി അദ്ദേഹത്തിന് വിദ്യ അഭ്യാസിപ്പിക്കുകയും ചെയ്തിരുന്നു. ഇരുപത് വയസ്സിന് മുമ്പുതന്നെ വൈജ്ഞാനിക രംഗത്ത് അദ്ദേഹം കഴിവ് തെളിയിച്ചിരുന്നു. വൈദ്യശാസ്ത്രത്തിൽ മികവ് തെളിയിച്ചതു മുതൽ അദ്ദേഹം സൗജന്യമായി രോഗികളെ ചികിത്സിച്ചിരുന്നു. ഒട്ടും സാമ്പത്തികനേട്ടം ലക്ഷ്യം വയ്ക്കാതെ തന്റെ അറിവ് അനുഭവത്തിലൂടെ വികസിപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. തന്റെ പതിനേഴാം വയസ്സിൽ അന്നാട്ടിലെ അമീറായിരുന്ന നൂഹ് ബിൻ മൻസൂറിന്റെ രോഗം ചികിത്സിച്ച് ഭേദമാക്കിയതിലൂടെയാണ് അദ്ദേഹത്തിന് പ്രസിദ്ധി കൈവന്നത്. അന്നത്തെ പ്രസിദ്ധ ഭിഷഗ്വരന്മാർ

**രക്തചംക്രമണത്തെക്കുറിച്ച് ആദ്യമായി വ്യക്തമാക്കിയത് 1628ൽ ഇംഗ്ലീഷ് ഫിസിയോളജിസ്റ്റ് ആയ വില്യം ഹാർഫിയാണ്. എന്നാൽ ഈ വിഷയത്തിൽ ശ്രദ്ധേയമായ കാൽവയ്പ്പുകൾ നടത്താൻ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഇബ്നു നഫീസിന് കഴിഞ്ഞിരുന്നു. ഇമാം സുബ്കി അദ്ദേഹത്തെക്കുറിച്ച് പറയുന്നത് ഭൂമുഖത്ത് അദ്ദേഹത്തെക്കാൾ വൈദ്യമറിയുന്ന ആരുമില്ലെന്നാണ്. ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും ദൗത്യങ്ങൾ വ്യവച്ഛേദിച്ച് മനസ്സിലാക്കിക്കൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.**

കൈയൊഴിഞ്ഞ ഒരു രോഗമായിരുന്നു അദ്ദേഹത്തിന്റേത്. അതോടുകൂടി അധികാരികൾ അദ്ദേഹത്തിന്റെ മേൽ അനുഗ്രഹം ചൊരിയുകയും എല്ലാ ഗ്രന്ഥശാലകളും അദ്ദേഹത്തിന്റെ മുമ്പിൽ തുറക്കപ്പെടുകയും ചെയ്തു.


ഇരുപത് വയസ്സിന് ശേഷം അദ്ദേഹം വൈദ്യശാസ്ത്ര, തത്ത്വശാസ്ത്ര ഗ്രന്ഥ രചനകൾക്കാണ് പ്രാമുഖ്യം നൽകിയത്. പൂർവികരായ വൈദ്യശാസ്ത്ര പണ്ഡിതരിൽനിന്നും ഇബ്നു സീനയെ വ്യതിരിക്തമാക്കുന്നത് മറ്റുള്ളവരെ അപ്പടി അനുകരിക്കാത്ത അദ്ദേഹത്തിന്റെ സ്വതന്ത്രമായ ചിന്തയും കാഴ്ചപ്പാടുകളുമാണ്. തന്റെ അറിവും അനുഭവജ്ഞാനവും അദ്ദേഹം ഒരുപോലെ പ്രയോജനപ്പെടുത്തി. പൂർവിക ദാർശനികന്മാരായ പ്ലാറ്റോയോടും അരിസ്റ്റോട്ടിലിനോടും അദ്ദേഹം പല വിഷയങ്ങളിലും വിയോജിക്കുന്നതായി കാണാം. തത്ത്വചിന്തകന്മാർക്കും തെറ്റുപറ്റാൻ സാധ്യതയുണ്ടെന്ന് തന്നെയാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്.

വൈദ്യശാസ്ത്രത്തെ മാരണത്തിൽനിന്നും അന്ധവിശ്വാസത്തിൽനിന്നും മോചിപ്പിക്കുന്നതിൽ ഇബ്നു സീന വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഓരോ രോഗത്തിനും വ്യക്തമായ കാരണമുണ്ടെന്ന് അദ്ദേഹം സമർഥിക്കുകയുണ്ടായി. ചില രോഗങ്ങളുടെ കാരണം കണ്ടെത്താൻ കഴിയാതെ വരുമ്പോൾ അദ്ദേഹം പള്ളിയിൽ പോയി നമസ്കരിച്ച് ഈ വിഷയത്തിൽ അല്ലാഹുവിന്റെ സഹായം ലഭിക്കാൻ പ്രാർഥിച്ചിരുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാഹു നൽകിയ ബുദ്ധിയും കഴിവുമുപയോഗിച്ച് സമകാലീനരെക്കാളും മികച്ച സംഭാവനകൾ സമൂഹത്തിന് നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം നൽകിയതിനെക്കാൾ അധികമായി വിശദീകരണങ്ങൾ നൽകാൻ ആധുനിക വൈദ്യശാസ്ത്രത്തിന് പോലും പല രോഗങ്ങളുടെ കാര്യത്തിലും കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ചില പകർച്ചവ്യാധികളുടെ കാര്യത്തിൽ ആധുനിക വൈദ്യശാസത്രം സൂക്ഷ്മദർശിനിയുടെ സഹായത്തോടെ കണ്ടെത്തിയ പല കാര്യങ്ങളും അദ്ദേഹം നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ശസ്ത്രക്രിയയുടെ രംഗത്താണ് ഇബ്നു സീനയുടെ മികവ് തെളിയുന്നത്. രക്തസ്രാവം നിറുത്തുന്നതിന് പല മാർഗങ്ങളും അദ്ദേഹം സ്വീകരിച്ചതായി കാണാം. രക്തധമനികളെ ബന്ധിച്ച് കൊണ്ടും, ചില തിരികൾ കയറ്റി അത് അടച്ചും ചൂടാക്കിയും അതിന്മേൽ സമ്മർദം ചെലുത്തിയുമെല്ലാം അദ്ദേഹം അത് നിർവഹിച്ചിരുന്നു. ശരീരത്തിലേറ്റ അമ്പ് പറിച്ചെടുക്കുന്നവന് അനാട്ടമി അറിയണമെന്ന് അദ്ദേഹം ശഠിച്ചിരുന്നു. നേത്ര പരിചരണം, ദന്ത സംരക്ഷണം തുടങ്ങിയ മേഖലകളിലും ശ്രദ്ധേയമായ കാഴ്ചപ്പാടുകളാണ് അദ്ദേഹം മുന്നോട്ട് വെച്ചിരുന്നത്. ദന്തക്ഷയം തടയുന്നതിന്, കേടുവന്ന ഭാഗം പാടെ ഒഴിവാക്കി പകരം ചില പദാർഥങ്ങൾ നിറക്കുകയാണ് അദ്ദേഹം ചെയ്തിരുന്നത്.

വൈജ്ഞാനിക രംഗത്ത് നൂറിലധികം മഹത്തായ ഗ്രന്ഥങ്ങളും ലേഖനങ്ങളും അദ്ദേഹം സംഭാവന ചെയ്തിട്ടുണ്ട്. അതിലേറ്റവും പ്രസിദ്ധമായത് 'കാനൻ ഫിത്ത്വിബ്ബ്' അതായത് Canon medicina എന്ന് യൂറോപ്യർ പറയുന്ന ഗ്രന്ഥമാണ്. മനുഷ്യ ശരീരത്തിലെ അവയവങ്ങൾ, അവയെ ബാധിക്കുന്ന രോഗങ്ങൾ, ആരോഗ്യ നിർദേശങ്ങൾ, ഔഷധങ്ങൾ,

**വൈദ്യശാസ്ത്രത്തെ മാരണത്തിൽനിന്നും അന്ധവിശ്വാസത്തിൽനിന്നും മോചിപ്പിക്കുന്നതിൽ ഇബ്നു സീന വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഓരോ രോഗത്തിനും വ്യക്തമായ കാരണമുണ്ടെന്ന് അദ്ദേഹം സമർഥിക്കുകയുണ്ടായി. ചില രോഗങ്ങളുടെ കാരണം കണ്ടെത്താൻ കഴിയാതെ വരുമ്പോൾ അദ്ദേഹം പള്ളിയിൽ പോയിനമസ്കരിച്ച് ഈ വിഷയത്തിൽ അല്ലാഹുവിന്റെ സഹായം ലഭിക്കാൻ പ്രാർഥിച്ചിരുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.**



ചികിത്സകൾ, അനാട്ടമി തുടങ്ങിയ വിവരങ്ങളാണ് അതിൽ അടങ്ങിയിട്ടുള്ളത്. പാശ്ചാത്യർ ഇത് അവരുടെ ഭാഷയിലേക്ക് വിവർത്തനം ചെയ്യുകയും പതിനഞ്ച് തവണ അച്ചടിക്കുകയും ചെയ്തിട്ടുണ്ട്. പതിനേഴാം നൂറ്റാണ്ട് വരെ ഇത് യൂണിവേഴ്സിറ്റികളിൽ ഒരു റഫറൻസായി അവലംബിച്ചിരുന്നതായി കാണാം. വൈദ്യശാസ്ത്രത്തിന്റെ ചരിത്രത്തിൽതന്നെ ഇത്രയും പ്രസിദ്ധമായ ഒരു ഗ്രന്ഥം രചിക്കപ്പെട്ടിട്ടില്ല. വൈദ്യശാസ്ത്രത്തിന്റെ ചരിത്രം എന്ന ഗ്രന്ഥം എഴുതിയ നിയോബർജർ (Neuberger) പറയുന്നത് 'ഞങ്ങൾ കാനനിലേക്ക് നോക്കുന്നത് അത് ദൈവിക വെളിപാടാണ് എന്ന നിലയ്ക്കാണ്' എന്നാണ്! വൈദ്യശാസ്ത്രത്തിന് സർവാംഗീകൃതമായ നിയമങ്ങളാണ് അത് ഉൾകൊള്ളുന്നത്. 'വൈദ്യശാസ്ത്രത്തിലെ ബൈബിൾ' എന്നാണ് വില്യം ഓസ്‌ലർ ഇതിനെ വിശേഷിപ്പിച്ചിട്ടുള്ളത്.

ഇബ്നു സീനയുടെ മറ്റൊരു പ്രസിദ്ധ ഗ്രന്ഥം 'അശ്ശിഫ'യാണ്. 18 ഭാഗങ്ങളുള്ള ഒരു സർവ വിജ്ഞാന കോശമാണത്. അതിൽ മതം, സാമ്പത്തികം, രാഷ്ട്രീയം തുടങ്ങിയ ധാരാളം വിജ്ഞാന ശാഖകളുണ്ട്. നമസ്കാരത്തിന്റെ രഹസ്യങ്ങൾ, വൈദ്യുതിയുടെ ഈരടികൾ, സസ്യങ്ങളും ജീവികളും തുടങ്ങി വേറെയും പ്രസിദ്ധമായ രചനകളുണ്ട്. ലോകത്തെ പ്രസിദ്ധമായ പല ഭാഷകളിലേക്കും അവ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. വൈദ്യശാസ്ത്രത്തിന് എക്കാലത്തും അഭിമാനിക്കാവുന്ന ധാരാളം സംഭാവനകൾ ലോകത്തിന് സമർപ്പിച്ചുകൊണ്ട് എഡി 1037ൽ ഹമദാനിൽ വെച്ച് അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു. ■





# കൊല്ലാം; ദേഹേച്ഛകളെ!

## നസീമ വാടാനപ്പള്ളി

ചിന്തകൾക്ക് തിരികൊളുത്തി അതിന്റെ പ്രകാശത്തിൽ തന്നോടുതന്നെ സംസാരിച്ചിരിക്കുന്ന സ്വഭാവം അവൾക്ക് പണ്ടേയുള്ളതാണ്. അതിൽനിന്ന് ഒരുപാട് സാഹിത്യസൃഷ്ടികൾ ജന്മം കൊള്ളുകും ചെ യ്തിട്ടുണ്ട്. ജീവിതചക്രം തിരിയുന്നതിനിടയിൽ ഉത്തരവാദിത്തഭാരം വീർപ്പുമുട്ടിക്കാറുണ്ടെങ്കിലും വല്ലപ്പോഴുമൊക്കെ അവൾ അതിന് സമയം കണ്ടെത്തുമായിരുന്നു.

'കറുത്ത കടൽ' കാണാൻ അവൾക്ക് വല്ലാത്ത പൂതിയാണ്. അതുകൊണ്ടാണ് അന്ന് മഗ്‌രിബ് നമസ്കാരശേഷം നല്ല പാതിയോടൊപ്പം അവൾ കടപ്പുറത്തെത്തിയത്. പ്രിയതമന് പ്രിയപ്പെട്ട തരിക്കഞ്ഞി ചൂടോടെ ചോറ്റുപാത്രത്തിൽ കരുതാൻ അവൾ മറന്നിരുന്നില്ല. കടപ്പുറത്തെ തണുത്ത കാറ്റിൽ ലയിച്ചിരുന്ന് ചൂടുള്ള തരിക്കഞ്ഞി കുടിക്കൽ അദ്ദേഹത്തിന് ഏറെ ഇഷ്ടമുള്ള കാര്യമാണ്.

**തന്റെ രക്ഷിതാവിന്റെ ഇഷ്ടത്തിനായി വികാരങ്ങളെ നിയന്ത്രിക്കാൻ മനുഷ്യന് കഴിയണം. വികാരം അതിരുവിടുമ്പോൾ വിവേകമെന്ന മൂർച്ചയേറിയ കഠാരകൊണ്ട് അതിനെ അറുത്തു മാറ്റേണ്ടതുണ്ട്. അപ്പോൾ പരിക്കു പറ്റിയേക്കാം. മനസ്സു നീറിയേക്കാം. കണ്ണുകൾ നിറഞ്ഞേക്കാം. പോരാട്ടത്തിനൊടുവിൽ മനസ്സിനോടൊപ്പം ശരീരവും ക്ഷീണിച്ചുപോയെന്നു വരാം. എന്തു വന്നാലും വികാരങ്ങൾക്കു മീതെ വിവേകം ജയിച്ചേ പറ്റൂ. സമയവും സന്ദർഭവുമനുസരിച്ച് ഉചിതമായ തീരുമാനമെടുക്കാനുള്ള കഴിവാണ് വിവേകം. ആ കഴിവ് നഷ്ടപ്പെടുമ്പോഴാണ് മനുഷ്യൻ അക്രമിയായി മാറുന്നത്.**

മനസ്സിന് വല്ലാത്ത സമാധാനം നൽകുന്നതാണ് നീലക്കടലിന്റെ കാഴ്ച. എന്നാൽ അസ്തമയത്തോടെ കറുത്ത നിറമാർജിക്കുന്ന കടൽ മനസ്സിൽ ഭീതിയുണർത്തുന്ന കാഴ്ചയാണ്. പക്ഷേ, ഇരുണ്ട കടലിലേക്കങ്ങനെ നോക്കിയിരിക്കുന്നത് അവൾക്ക് വല്ലാത്ത ലഹരിയാണ്. ആ ഇരുത്തത്തിൽ പലപ്പോഴും പ്രപഞ്ചസ്രഷ്ടാവിന്റെ കഴിവുകളെ വർണിക്കുന്ന കവിതകൾ വിരിയാറുണ്ട്.

അങ്ങകലെനിന്ന് ഒന്നിനു പിന്നിൽ ഒന്നായി അവിരാമം ആർത്തലച്ചുവരുന്ന തിരമാലകളിലെ നുരകൾ മങ്ങിയ വെളിച്ചത്തിൽ വെള്ളിനൂലു പോലെ കാണപ്പെടുന്നു. കരയെ പുണരാൻ മത്സരിച്ചെത്തുന്ന തിരമാലകൾക്ക് ശക്തി കൂടി വന്നതോടെ നല്ലപാതി പറഞ്ഞു: “മതി കണ്ടത്. ഇനി ദൂരെ മാറിയിരിക്കാം.”

അയാൾ അവളുടെ കൈപിടിച്ച് തിരിഞ്ഞുനടന്നു. ഇഷ്ടമായില്ലയെങ്കിലും അവൾ അനുസരണയോടെ അനുഗമിച്ചു. കയ്യിൽ കരുതിയ പഴയ ബെഡ്ഷീറ്റ് വിരിച്ച് ഇരുവരും അതിൽ ഇരുപ്പുറപ്പിച്ചു.

അയാൾ തന്റെ ഫോൺ കയ്യിലെടുത്ത് ഒരു വാർത്താ ചാനൽ തുറന്നു. കണ്ണൂരിൽ മകൻ അമ്മയെ കഴുത്തറുത്ത് കൊന്നു എന്ന വാർത്തയാണ് അവരുടെ കാതുകളെ സ്വാഗതം ചെയ്തത്. എന്നാൽ അവരിൽ അത് വലിയ ഞെട്ടലൊന്നുമുണ്ടാക്കിയില്ല. കാരണം ഇത്തരം വാർത്തകൾ നിത്യസംഭവമായിത്തീർന്നിട്ടുണ്ടല്ലോ!

അയാൾ വാർത്തകളിൽ ശ്രദ്ധ കൊടുത്തപ്പോൾ അവൾ പ്രവിശാലമായ ഇരുണ്ട കടലിലേക്ക് നോക്കി തന്റെ ചിന്തകൾക്ക് പതിയെ തിരികൊളുത്തി. ‘കൊലപാതകം’- അതായിരുന്നു ചിന്തകളിൽ മുഴുവനും. ചിന്തയുടെ തിരിനാളം കൂടുതൽ പ്രകാശമയമായപ്പോൾ ഉള്ളിൽനിന്നും ചില ചോദ്യങ്ങളുയർന്നു:

എത്രയോ കൊലപാതകങ്ങൾ അനുദിനം നടക്കുന്നു. കുട്ടിക്കൊലയാളികളുടെ എണ്ണം വർധിച്ചു കൊണ്ടിരിക്കുന്നു.

എല്ലാം എന്തിനു വേണ്ടി?

കൊലയാളികൾ എന്തു നേടുന്നു?

കൂടുതൽ കറുത്ത് ഭീകരരൂപം പൂണ്ട കടലിനെ നോക്കി തന്റെ മൗനത്തിന്റെ മുഴുവൻ ശക്തിയാലും അവൾ വിളിച്ചു ചോദിച്ചു.

അന്നേരം കരയിലേക്ക് പാഞ്ഞടുത്ത തണുത്ത കാറ്റിൽ ചില ഉത്തരങ്ങൾ മനസ്സിലേക്ക് ചേക്കേറി. കുറ്റകൃത്യം ചെയ്യാൻ പലർക്കും പല കാരണങ്ങളാണുള്ളത്. ലഹരി, പ്രണയം, പക, ദുരഭിമാനം, പണം...ഇങ്ങനെ പലതും.

കഞ്ഞിയിൽ ഉപ്പില്ലാത്തതിന്റെ പേരിൽ വരെ കൊല നടക്കുന്നു! ലഹരിക്കൊലകൾ നിത്യസംഭവമായി ത്തീർന്നിരിക്കുന്നു. കൊല്ലുന്നത് മക്കൾ. കൊല്ലപ്പെടുന്നത് മാതാവ്, അല്ലെങ്കിൽ പിതാവ്. ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും വെട്ടിക്കൊല്ലുന്നു!

യഥാർഥത്തിൽ എന്താണ് പ്രശ്നത്തിന്റെ അടിത്തറ? എന്താണ് പരിഹാരം? വികാരങ്ങൾ മനുഷ്യ പ്രകൃതിയിൽ പെട്ടതാണ്. വികാരത്തെ പ്രശ്നമായി കാണാനാവില്ലല്ലോ. എന്നാൽ വിവേകം വികാരങ്ങൾക്ക് അടിമപ്പെടുമ്പോൾ അത് പ്രശ്നമാണ്. മനുഷ്യൻ മനുഷ്യനല്ലാതായിത്തീരുന്നതും അതുകൊണ്ടു തന്നെ.

'ഞാനാര്' എന്ന് ഓരോ വ്യക്തിയും തിരിച്ചറിയേണ്ടതുണ്ട്. തനിക്കൊരു സ്രഷ്ടാവുണ്ടെന്നും അൽപ കാലം പരീക്ഷണത്തിനായി താനിവിടെ നിയോഗിക്കപ്പെട്ടതാണെന്നും സൃഷ്ടിച്ചവനിലേക്ക് മടങ്ങിച്ചെല്ലണമെന്നും അവിടെ മരണമില്ലാത്ത ലോകമുണ്ടെന്നും അവൻ മനസ്സിലാക്കേണ്ടതുണ്ട്. ഈ തിരിച്ചറിവു തന്നെയാണ് സകല പ്രശ്നങ്ങളുടെയും പരിഹാരം. തന്റെ സ്രഷ്ടാവ് തനിക്കു നൽകിയതല്ലാതെ സ്വന്തമെന്ന് പറയാൻ സ്വന്തം അസ്തിത്വം പോലുമില്ലെന്ന തിരിച്ചറിവ് അനിവാര്യമാണ്. അത് സ്രഷ്ടാവുമായുള്ള ബന്ധത്തെ ശക്തിപ്പെടുത്തും.

തന്റെ രക്ഷിതാവിന്റെ ഇഷ്ടത്തിനായി വികാരങ്ങളെ നിയന്ത്രിക്കാൻ മനുഷ്യന് കഴിയണം. വികാരം അതിരു വിടുമ്പോൾ വിവേകമെന്ന മൂർച്ചയേറിയ കഠാരകൊണ്ട് അതിനെ അറുത്തുമാറ്റേണ്ടതുണ്ട്. അപ്പോൾ പരിക്കു പറ്റിയേക്കാം. മനസ്സു നീറിയേക്കാം. കണ്ണുകൾ നിറഞ്ഞേക്കാം. പോരാട്ടത്തിനൊടുവിൽ മനസ്സിനോടൊപ്പം ശരീരവും ക്ഷീണിച്ചുപോയെന്നു വരാം. എന്തു വന്നാലും വികാരങ്ങൾക്കു മീതെ വിവേകം ജയിച്ചേ പറ്റൂ. സമയവും സന്ദർഭവുമനുസരിച്ച് ഉചിതമായ തീരുമാനമെടുക്കാനുള്ള കഴിവാണ് വിവേകം. ആ കഴിവ് നഷ്ടപ്പെടുമ്പോഴാണ് മനുഷ്യൻ അക്രമിയായി മാറുന്നത്.

ദേഹേച്ഛകളോടുള്ള സമരമാണ് ഏറ്റവും വലിയ ധർമസമരമെന്ന പ്രവാചകവചനം എത്രമാത്രം അർഥവത്താണ്! അവൾ നെടുവീർപ്പിട്ടു. ആ പ്രവാചകന്റെ അനുയായിയാകാൻ കഴിഞ്ഞതിൽ റബ്ബിനോടുള്ള നന്ദിയാൽ അവളുടെ കണ്ണുകൾ നിറഞ്ഞു.

ദേഹേച്ഛകളോട് സമരം ചെയ്ത് അവയുടെ കൊലയാളിയാകാൻ തനിക്ക് കഴിയുന്നുണ്ട് എന്നതിനാൽ അവളുടെ ചുണ്ടുകളിൽനിന്നും അറിയാതെ തന്നെ സ്തുതി വചനം ഉതിർന്നുവീണു-അൽഹംദുലില്ലാഹ്. ആ അരണ്ട വെളിച്ചമുള്ള കടപ്പുറത്ത് അവൾ സുജൂദിൽ വീണത് ഒരുപക്ഷേ, അവളുടെ നല്ല പാതി പോലും കണ്ടിട്ടുണ്ടാവില്ല.

അവളുടെ മനസ്സ് മന്ത്രിച്ചു; അതെ, ഞാനും ഒരു അന്തകയാണ്, ദേഹേച്ഛകളുടെ അന്തക! പിശാച് ഇളക്കിവിടുന്ന വികാരങ്ങളെ വിവേകംകൊണ്ട് നേരിടുന്നവൾ. പരിക്കുകൾ പലതും ഏറ്റിട്ടുണ്ടെങ്കിലും ഇതുവരെ ജയിച്ചു. അൽഹംദുലില്ലാഹ്. ഇനിയും ജയിക്കണം. ജയിച്ചുകൊണ്ടേയിരിക്കണം.

ഇളകിമറിയുന്ന ഇരുണ്ട സാഗരത്തെ സാക്ഷിയാക്കി റബ്ബിലേക്കവൾ കൈകളുയർത്തി. റബ്ബേ, നീ തുണ. എനിക്ക് എല്ലാറ്റിനും മതിയായവനായി നീ മാത്രം.

അവളുടെ ചുണ്ടുകൾ വിതുമ്പി. ഹൃദയത്തിന്റെ വിങ്ങൽ അറിയാതെ തേങ്ങലായി പുറത്തുവന്നു. അതു കേട്ടിട്ടോ എന്തോ അയാൾ അവളെ ചേർത്തുപിടിച്ചു.

'മതി, പോകാം' - അയാൾ പറഞ്ഞു.

'ഉം'-അവൾ പതിയെ മൂളി.

അവളെ അവന് മനസ്സിലാകുമായിരുന്നു.

'ആ ചിന്തയുടെ തിരിയങ്ങ് കെടുത്തിയേക്ക് പെണ്ണേ...' അതും പറഞ്ഞ് അയാൾ എഴുന്നേറ്റ് അവൾക്ക് നേരെ കൈ നീട്ടി. തന്റെ ഇണയുടെ ബലിഷ്ഠമായ കൈയിൽ പിടിച്ച് അവൾ എഴുന്നേറ്റു.

തിരിഞ്ഞു നടക്കുമ്പോൾ ഇരുൾ മൂടിയ കടലിനെയും ആകാശത്തെയും നോക്കി അവൾ മന്ത്രിച്ചു: "അല്ലാഹു അക്ബർ. അല്ലാഹുവേ, നീയെത്ര വലിയ മഹാൻ! നിന്നെ എത്ര സ്തുതിച്ചാലും മതിയാകില്ല. മനുഷ്യർ മനുഷ്യരെ കൊന്നൊടുക്കുമ്പോൾ ദേഹേച്ഛകളെ കൊന്ന് നിന്റെ ഇഷ്ടങ്ങളെ ജീവിപ്പിക്കാൻ എന്നും നീയെനിക്ക് തുണയാകണേ..."

റോഡിനപ്പുറമുള്ള പള്ളിയിൽനിന്നും ഇശാഅ് ബാങ്കൊലി മുഴങ്ങവെ ഒരിക്കൽ കൂടി കടലിന്റെ ഭയാനകമായ ഇരുട്ടിലേക്ക് നോക്കി അവൾ ഭർത്താവിനൊപ്പം നടന്നു നീങ്ങി. ■

# സൂറത്തുന്നംല്

## ഉറുമ്പ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 27

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

مَن جَاءَ بِالْحَسَنَةِ فَلَهُ خَيْرٌ مِّنْهَا وَهُم مِّن فَزَعٍ يَوْمَئِذٍ آمِنُونَ ﴿٨٩﴾

89 ആർ നന്മയുംകൊണ്ട് വന്നുവോ അവന് (അന്ന്) അതിനെക്കാൾ ഉത്തമമായത് ഉണ്ടായിരിക്കും. അന്ന് ഭയവിഹ്വലതയിൽ നിന്ന് അവർ സുരക്ഷിതരായിരിക്കുകയും ചെയ്യും.

*തുടർന്ന് എങ്ങനെയാണ് പ്രതിഫലം നൽകുക എന്ന് വിശദീകരിക്കുന്നു: (ആർ നന്മ കൊണ്ടുവന്നോ?) വാക്കുകളും ഹൃദയത്തിന്റെ പ്രവർത്തനങ്ങളടക്കം എല്ലാ നല്ല പ്രവൃത്തികളും ഇതിൽ ഉൾപ്പെടും. (അവന് അതിനെക്കാൾ ഉത്തമമായത് ഉണ്ടായിരിക്കും) പ്രതിഫലത്തിന്റെ മഹത്ത്വം പറയുന്നതിൽ ചെറുതാണിത്. (അന്ന് ഭയവിഹ്വലതയിൽനിന്ന് അവർ സുരക്ഷിതരായിരിക്കുകയും ചെയ്യും) മറ്റുള്ളവരെ ഭയപ്പെടുത്തുന്നതിൽ നിന്ന്-അതായത് നരകം-അവർ സുരക്ഷിതരായിരിക്കും. മറ്റുള്ളവർ ഭയത്തിൽ കഴിയുമ്പോഴും അവർ നിർഭയരായിരിക്കും.*

وَمَن جَاءَ بِالسَّيِّئَةِ فَكُبَّتْ وُجُوهُهُمْ فِي النَّارِ هَلْ تُجْزَوْنَ إِلَّا مَا كُنتُمْ تَعْمَلُونَ ﴿٩٠﴾

90 ആർ തിന്മയുംകൊണ്ട് വന്നുവോ അവർ നരകത്തിൽ മുഖംകുത്തി വീഴ്ത്തപ്പെടുന്നതാണ്. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്ന തിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ?

*(ആർ തിന്മ കൊണ്ടുവന്നുവോ) എല്ലാ തിന്മയും ഈ പ്രയോഗത്തിൽ ഉൾപ്പെടും. (അവർ നരകത്തിൽ മുഖം കുത്തി വീഴ്ത്തപ്പെടുന്നതാണ്) മുഖങ്ങളിലായി നരകത്തിൽ എറിയപ്പെടും. അവരോട് പറയപ്പെടും: (നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ?).*

إِنَّمَا أُمِرْتُ أَنْ أَعْبُدَ رَبَّ هَٰذِهِ الْبَلْدَةِ الَّذِي حَرَّمَهَا وَلَهُ كُلُّ شَيْءٍ ۖ وَأُمِرْتُ أَنْ أَكُونَ مِنَ الْمُسْلِمِينَ ﴿٩١﴾

91 (നീ പറയുക:) ഈ രാജ്യത്തെ പവിത്രമാക്കിത്തീർത്ത ഇതിന്റെ രക്ഷിതാവിനെ ആരാധിക്കുവാൻ മാത്രമാണ് ഞാൻ കൽപിക്കപ്പെ ട്ടിട്ടുള്ളത്. എല്ലാ വസ്തുവും അവന്റെതത്രെ. ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കണമെന്നും കൽപിക്കപ്പെട്ടിരിക്കുന്നു.

*മുഹമ്മദേ, അവരോട് പറയുക: (ഈ രാജ്യത്തിന്റെ രക്ഷിതാവിനെ ആരാധിക്കാൻ മാത്രമാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്) അതായത് പരിശുദ്ധ മക്കയുടെ. (അതിനെ അവൻ പവിത്രമാക്കി) അവിടുത്തെ ജനങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു. അതിനാൽ അവനോട് നന്ദിയോടെയും സ്വീകാര്യതയോടെയും പ്രതികരിക്കണം. (ഇഹലോകത്തും ഉപരി ലോകത്തുമുള്ള എല്ലാ വസ്തുക്കളും അവന്റെതത്രെ)*

*താൻ കഅ്ബയുടെ നാഥൻ മാത്രമാണെന്ന് ആരും കരുതാതിരിക്കാൻ. അല്ലാഹു പറയുന്നു: (ഞാൻ കീഴ്പ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കണമെന്നും കൽപിക്കപ്പെട്ടിരിക്കുന്നു) അതായത്, കീഴടങ്ങാൻ ധൃതിപ്പെടുന്നവരിൽ ഒരാൾ. ഈ ഉമ്മത്തിൽ ആദ്യമായി കീഴൊതുങ്ങുകയും കീഴൊതുങ്ങുന്നവരിൽ മുൻപന്തിയിൽ ആവുകയും ചെയ്തു.*

وَأَنْ أَتْلُوَ الْقُرْآنَ ۖ فَمَنِ اهْتَدَىٰ فَإِنَّمَا يَهْتَدِي لِنَفْسِهِ ۖ وَمَن ضَلَّ فَقُلْ إِنَّمَا أَنَا مِنَ الْمُنذِرِينَ ﴿٩٢﴾

**92** ക്വുർആൻ ഓതിക്കേൾപിക്കുവാനും (ഞാ ൻ കൽപിക്കപ്പെട്ടിരിക്കുന്നു). ആകയാൽ വല്ലവരും സൻമാർഗം സ്വീകരിക്കുന്നപക്ഷം സ്വന്തം ഗുണത്തിനായി തന്നെയാണ് അവൻ സൻമാർഗം സ്വീകരിക്കുന്നത്. വല്ലവനും വ്യതിചലിച്ചുപോകുന്നപക്ഷം നീ പറഞ്ഞേക്കുക: ഞാൻ മുന്നറിയിപ്പുകാരിൽ ഒരാൾ മാത്രമാകുന്നു.

*92). (ക്വുർആൻ) നിങ്ങൾക്ക് (ഞാൻ ഓതിക്കേൾപിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നു) അതിലൂടെ നിങ്ങൾക്ക് മാർഗദർശനം ലഭിക്കുകയും അതിലെ ആശയങ്ങളും പദങ്ങളും പഠിക്കുകയും പിന്തുടരുകയും ചെയ്യാൻ വേണ്ടി. ഇതും എന്റെ ബാധ്യതയാണ്. അത് ഞാൻ നിറവേറ്റുകയും ചെയ്തു. (ആകയാൽ വല്ലവനും സന്മാർഗം സ്വീകരിക്കുന്ന പക്ഷം സ്വന്തം ഗുണത്തിനായി തന്നെയാണ് അവൻ സന്മാർഗം സ്വീകരിക്കുന്നത്) അതിന്റെ ഫലം അവന് ലഭിക്കും. (വല്ലവനും വ്യതിചലിച്ചുപോകുന്ന പക്ഷം നീ പറഞ്ഞേക്കുക: ഞാൻ മുന്നറിയിപ്പുകാരിൽ ഒരാൾ മാത്രമാകുന്നു) സന്മാർഗത്തിലാക്കാനുള്ള അധികാരം എന്റെ കൈകളിൽ അല്ല.*

وَقُلِ الْحَمْدُ لِلَّهِ سَيُرِيكُمْ آيَاتِهِ فَتَعْرِفُونَهَا ۚ وَمَا رَبُّكَ بِغَافِلٍ عَمَّا تَعْمَلُونَ ﴿٩٣﴾

**93** പറയുക: അല്ലാഹുവിന് സ്തുതി. തന്റെ ദൃഷ്ടാന്തങ്ങൾ അവൻ നിങ്ങൾക്ക് കാണിച്ചു തരുന്നതാണ്. അപ്പോൾ നിങ്ങൾക്കവ മനസ്സിലാകും. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യാതൊന്നിനെപ്പറ്റിയും നിന്റെ രക്ഷിതാവ് അശ്രദ്ധനല്ല.

*93) (പറയുക: അല്ലാഹുവിന് സ്തുതി) ഈ ലോകത്തും പരലോകത്തും എല്ലാ സൃഷ്ടികളുടെയും എല്ലാ സ്തുതികളും; പ്രത്യേകിച്ചും തിരഞ്ഞെടുക്കപ്പെട്ട സവിശേഷരും വിശുദ്ധരുമായവരുടെ സ്തുതി. കാരണം അവർ മറ്റുള്ളവരെക്കാൾ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നവരാണ്. അവരുടെ പദവിയും അല്ലാഹുവിനോട് അവർക്കുള്ള അടുപ്പവും കാരണത്താലും അവൻ അവർക്ക് ചെയ്തുകൊടുത്ത മഹത്തായ അനുഗ്രഹങ്ങൾ നിമിത്തവും. (തന്റെ ദൃഷ്ടാന്തങ്ങൾ അവൻ നിങ്ങൾക്ക് കാണിച്ചു തരുന്നതാണ്) സത്യവും അസത്യവും നിങ്ങൾക്ക് മനസ്സിലാകുന്നവിധം. അവന്റെ ദൃഷ്ടാന്തങ്ങൾ അവൻ നിങ്ങൾക്ക് കാണിച്ചുതരും. അത് ഇരുട്ടിന്റെ ആഴങ്ങളിൽ നിങ്ങൾക്ക് വെളിച്ചം നൽകും. നശിക്കാൻ തീരുമാനിച്ചവൻ വ്യക്തമായ തെളിവ് കിട്ടി നശിക്കാനും വിശ്വാസം തിരഞ്ഞെടുത്ത് ജീവിക്കാൻ തീരുമാനിച്ചവൻ വ്യക്തമായ തെളിവുകൾ കണ്ടതിനുശേഷം അങ്ങനെ ചെയ്യാനും വേണ്ടി. (നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യാതൊന്നിനെ പറ്റിയും നിന്റെ രക്ഷിതാവ് അശ്രദ്ധനല്ല) നിങ്ങളുടെ പ്രവർത്തനങ്ങളും സാഹചര്യങ്ങളും ആ പ്രവർത്തനങ്ങളുടെ പ്രതിഫലത്തിന്റെ അളവും അവനറിയാം. അവൻ നിങ്ങൾക്കിടയിൽ ഒരു ന്യായവിധികൊണ്ട് വിധിക്കും. അതിൽ നിങ്ങൾ അവനെ സ്തുതിക്കും. അതിനാൽ നിങ്ങൾക്ക് അവനെതിരെ ഒന്നും പറയാനുണ്ടാവില്ല.*

---

*സൂറതു നംലിന്റെ വ്യാഖ്യാനം ഇവിടെ പൂർത്തിയാകുന്നു. എല്ലാ സ്തുതിയും നന്ദിയും അല്ലാഹുവിനാണ്. പ്രവാചകൻ മുഹമ്മദ് നബിക്കും കുടുംബത്തിനും അനുചരന്മാർക്കും അവൻ അനുഗ്രഹവും സമാധാനവും പ്രദാനം ചെയ്യട്ടെ. ആമീൻ.*




# സുരക്ഷാസംവിധാനങ്ങളെ അവഗണിക്കരുത്

നബീൽ പയ്യോളി
: +966 55 771 0981

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് ശാലയിലുണ്ടായ സ്ഫോടനം ഹൃദയഭേദകമാണ്. സ്ഫോടന ത്തിനു മുമ്പ് പല മാധ്യപ്രവർത്തകരും അവിടെയെത്തി എടുത്ത വീഡിയോകൾ കണ്ടപ്പോൾ ടൺ കണക്കിന് സ്ഫോടകവസ്തുക്കളുടെ നടുവിൽ എത്രത്തോളം അരക്ഷിതമായ സാഹചര്യത്തിലാണ് അവർ തൊഴിലെടുക്കുന്നത് എന്ന് ലോകം മനസ്സിലാക്കി.

തൊഴിലിടങ്ങളിലെ സുരക്ഷയെ കേവലം നിയമങ്ങൾ പാലിക്കാനുള്ള കാട്ടിക്കൂട്ടലുകൾക്കപ്പുറം മനുഷ്യജീവൻ രക്ഷിക്കാനുള്ള ജാഗ്രതയുടെ ഭാഗമായി കാണാൻ തൊഴിൽ ദാതാക്കൾക്ക് സാധിക്കാറുണ്ടോ? അപകടം എന്നത് നമ്മുടെ കൂടെ എന്നും സഞ്ചരിക്കുന്ന യാഥാർഥ്യമാണ്. അതുകൊണ്ട്തന്നെ അപകടസാധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള സുരക്ഷാ ക്രമീകരണങ്ങളുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ജീവൻ നഷ്ടപ്പെടലോ ഗുരുതരമായ പരിക്കുകളോ മറ്റു പ്രയാസങ്ങളോ ആകട്ടെ, വ്യക്തികളെയും കുടുംബങ്ങളെയും പ്രതിസന്ധികളിലേക്ക് തള്ളിയിടുന്നതാണ് അവയെല്ലാം. സ്വന്തം ജീവിതത്തിൽ വരുന്ന പ്രയാസങ്ങളുടെ

**അതിതീക്ഷ്ണമായ വേനലാണ്. അഗ്നിബാധയ്ക്ക് സാധ്യത കൂടുതലുള്ള സമയമാണ്. താപനില വലിയ തോതിൽ വർധിക്കുന്ന സാഹചര്യത്തിൽ അഗ്നിബാധയേൽക്കാനുള്ള സാധ്യതകൾ മുന്നിൽ കണ്ട് ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ പാലിക്കാൻ ശ്രദ്ധിക്കണം. സൂര്യതാപം ഏൽക്കാതിരിക്കാനും നിർജലീകരണം തടയാനുമൊക്കെയുള്ള ജാഗ്രത വേണം. യാത്രകൾ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞ സാമൂഹിക സാഹചര്യത്തിലാണ് നമ്മൾ ജീവിക്കുന്നത്. സന്തോഷ നിമിഷങ്ങൾ കണ്ണീരോർമകളായി മാറാതിരിക്കാൻ മുൻകരുതലുകൾ അനിവാര്യമാണ്.**

ആഴവും വേദനകളും എത്രമേൽ നമ്മെ അലോസരപ്പെടുത്താറുണ്ടോ, അതുപോലെയാണ് മറ്റുള്ളവരുടെ കാര്യവുമെന്ന് ചിന്തിക്കാൻ സാധിക്കണം.

അന്നന്നത്തെ അന്നത്തിനു വേണ്ടി വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന സാധാരണക്കാരുടെ ജീവിതം ഭരണാധികാരികളും ഉദ്യോഗസ്ഥരും കാണാതെ പോകരുത്. ഞാനും കുടുംബവും പട്ടിണിയിലാകരുതെന്നുള്ള ചിന്തയാണ് ഏത് സാഹചര്യത്തിലാണെങ്കിലും തൊഴിൽ ചെയ്യണമെന്നുള്ളതിലേക്ക് അവരെയൊക്കെ എത്തിക്കുന്നത്.

തൊഴിലിടങ്ങളിലുണ്ടാകുന്ന അപകടങ്ങൾക്ക് അനിവാര്യമായ നഷ്ടപരിഹാരം നൽകൽ, കർശനമായ നടപടികൾ എന്നിവയോടൊപ്പം സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ ആവശ്യമായ പരിശോധനകളും ഇടപെടലുകളും ഭരണകൂടങ്ങളിൽ നിന്നും ഉണ്ടാകേണ്ടതുണ്ട്.

ഏറ്റവും അപകടകരമായ ഒന്നാണ് തീ. എന്നാൽ അഗ്നിബാധക്ക് സാധ്യതയുള്ള എത്രയിടങ്ങളിൽ അഗ്നിശമന ഉപകരണങ്ങളുണ്ടാകാറുണ്ട്? പെട്രോൾ പമ്പുകളിൽ നമ്മളത് കാണാറുണ്ട്. അവിടെ മാത്ര മല്ലല്ലോ അഗ്നിബാധയുണ്ടാകാൻ സാധ്യത. ഷോപ്പിംഗ് മാളുകളിലും വലിയ കെട്ടിടങ്ങളിലുമടക്കം ആയിരങ്ങൾ തൊഴിലെടുക്കുന്ന ഇടങ്ങളിലെ സുരക്ഷാസംവിധാനങ്ങൾ കേവലം കണ്ണിൽ പൊടിയിടുന്നതാകാതിരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതുണ്ട്.

കഴിഞ്ഞ വർഷം കണ്ണൂരിൽ ആശുപത്രിയിലേക്ക് പോകുകയായിരുന്ന ഗർഭിണിയും കുടുംബവും സഞ്ചരിച്ച വാഹനത്തിന് തീപിടിച്ച് കുടുംബത്തിലെ എല്ലാവരും മരണമടയുകയുണ്ടായി. വാഹനങ്ങളിലെ ബ്രെയ്ക്കും എഞ്ചിനും ടയറുമടക്കം സുരക്ഷിതമായ യാത്രക്ക് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തണം. ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിന് തീപിടിക്കുന്നത് ഇന്ന് ഒറ്റപ്പെട്ട സംഭവമല്ല. അവിടെയും സുരക്ഷാ മാനദണ്ഡങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്താൻ നമ്മൾതന്നെയാണ് ജാഗ്രത പാലിക്കേണ്ടത്. സീറ്റ് ബെൽറ്റ് ധരിക്കലും അമിത വേഗതയിലുള്ള ഡ്രൈവിംഗ് ഒഴിവാക്കലും അവനവന്റെ രക്ഷക്ക് വേണ്ടി തന്നെയാണെന്ന് തിരിച്ചറിയണം.

അതിതീക്ഷ്ണമായ വേനലാണ്. അഗ്നിബാധയ്ക്ക് സാധ്യത കൂടുതലുള്ള സമയമാണ്. താപനില വലിയ തോതിൽ വർധിക്കുന്ന സാഹചര്യത്തിൽ അഗ്നിബാധയേൽക്കാനുള്ള സാധ്യതകൾ മുന്നിൽ കണ്ട് ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ പാലിക്കാൻ ശ്രദ്ധിക്കണം. സൂര്യതാപം ഏൽക്കാതിരിക്കാനും നിർജലീകരണം തടയാനുമൊക്കെയുള്ള ജാഗ്രത വേണം. യാത്രകൾ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞ സാമൂഹിക സാഹചര്യത്തിലാണ് നമ്മൾ ജീവിക്കുന്നത്. സന്തോഷ നിമിഷങ്ങൾ കണ്ണീരോർമകളായി മാറാതിരിക്കാൻ മുൻകരുതലുകൾ അനിവാര്യമാണ്. ■



# ‘തന്തവൈബ്’: പുതുതലമുറ പറയാതെ പറയുന്നത്

റോഷൻ പുനലൂർ

✆ : 85906 13225

ഒരു കല്യാണത്തെക്കുറിച്ചുള്ള ചർച്ചാരംഗം. തലേന്ന് രാത്രി എന്തെല്ലാമാണ് വേണ്ടതെന്നതിലാണ് ചർച്ച എത്തിനിൽക്കുന്നത്. ഗാനമേള, ഡാൻസ്, ചാട്ടം, ആട്ടം... അങ്ങനെ ചർച്ച പോകുന്നതിനിടയിലാണ് അൽപം ധർമബോധമുള്ള ഒരാൾ ചോദിച്ചത്: “നമുക്ക് അതൊക്കെ വേണോ...?”

ഉടനെ മറുപുറത്തു നിന്ന് കമന്റ് വന്നു: “തന്ത വൈബ്.”

‘സദാചാരപോലീസ്’ എന്ന പ്രയോഗത്തിന്റെ ഏറ്റവും പുതിയ വേർഷനാണ് ‘തന്തവൈബ്.’ പുതിയ കാലത്ത് പൊതു ട്രെന്റുകളും അതുവഴി പൊതുവിചാര മണ്ഡലവും നിയന്ത്രിക്കുന്നത് സാമൂഹ്യ മാധ്യമങ്ങളാണെന്നുതന്നെ പറയാം. ഇന്ന് എല്ലാവരും നോക്കിക്കൊണ്ടിരിക്കുന്ന വൈബുകളും അതിന്റെ കൗണ്ടറെന്നോണം വന്ന തന്തവൈബ് എന്ന ചാപ്പ വാചകവും അതിന്റെ സൃഷ്ടികൾ തന്നെ. ചെറുപ്പക്കാർക്കിടയിൽ ഇത് ഏറെ സ്വാധീനിക്കപ്പെട്ടു എന്ന് മാത്രമല്ല, തങ്ങൾക്ക് പറ്റാത്തതിനോടെല്ലാം നൈസായി വേണ്ടെന്ന്

**‘തന്തവൈബ്’ പോലുള്ള പ്രയോഗങ്ങൾ കേൾക്കുമ്പോഴേക്ക്, താനൊരു പഴഞ്ചനാണെന്ന് സ്വയം തോന്നി ഉപദേശങ്ങൾ നിർത്തുന്നതും അപകടകരം തന്നെ. മുതിർന്നവരെ ആദരിക്കുകയും ചെറിയവരോട് കരുണ കാണിക്കുകയും ചെയ്യാത്തവർ നമ്മിൽ പെട്ടവനല്ലെന്ന പ്രവാചക വചനം ഇരുതലമുറകളുടെ ഏറ്റവും ഫലപ്രദവും സുന്ദരവുമായ കൊടുക്കൽ വാങ്ങലുകളെയും പരസ്പര സ്നേഹ ബഹുമാനങ്ങളെയും എത്ര ലളിതവും യുക്തിഭദ്രവുമായാണ് സമീപിക്കുന്നത്! മനുഷ്യസമൂഹത്തിന്റെ, വിശിഷ്യാ വിശ്വാസി സമൂഹത്തിന്റെ വൈബുകളെല്ലാം ആ അധ്യാപനത്തിന്റെ അടിസ്ഥാനത്തിലായിരുന്നെങ്കിലെന്ന് നമുക്ക് ആശിക്കാം.**

പറയാനുള്ള ഏറ്റവും ലളിതമായ മാർഗമായിക്കൂടി ഇത് മാറിയിരിക്കുന്നു. അങ്ങനെ ചിന്തിക്കുമ്പോഴാണ് ഈ പ്രയോഗം പോലും നവലിബറലുകളുടെയും അവർ മുന്നോട്ട് വെക്കുന്ന അപരിമേയമായ സ്വാതന്ത്ര്യവാദങ്ങളുടെയും പ്രചാരണായുധം കൂടിയാണോ എന്ന് സംശയിച്ചുപോകുന്നത്. നിഷേധാത്മകത എന്നും -പ്രായോഗിക രാഷ്ട്രീയ, സാമൂഹിക വ്യവഹാരങ്ങളിൽ പ്രത്യേകിച്ചും- യുവാക്കളിൽ വലിയ സ്വാധീനം ചെലുത്താറുണ്ട്. വിവേകത്തിന്റെയും പരിചയസമ്പത്തിന്റെയും അടിസ്ഥാനത്തിൽ മുതിർന്നവർ മുന്നോട്ട് വെക്കുന്ന വീക്ഷണങ്ങളെ അർഹമായ പ്രാധാന്യത്തോടെ ഗണിക്കുന്നതിന് പകരം പുരോഗമന ആശയങ്ങളെയും പുതിയ ട്രെന്റുകളെയും ഉൾകൊള്ളാൻ സാധിക്കാത്ത അപരിഷ്കൃത വീക്ഷണങ്ങൾ എന്ന ലേബലൊട്ടിച്ച് അവയെ അവഗണിക്കുക മാത്രമല്ല, ഒതുക്കുകയും നിരാകരിക്കുകയും വരെ ചെയ്യുന്ന ഇത്തരം പ്രയോഗങ്ങൾ തിരസ്കരണ മനോഭാവം തന്നെയാണ് തുറന്ന് കാണിക്കുന്നത്.

1960കളിൽ ഉയർന്നുവന്ന anti-establishment പ്രസ്ഥാനങ്ങളുടെ വളർച്ചയും ഈ പ്രതലത്തിലായിരുന്നു. അതേസമയം നടപ്പുരീതികളോടുള്ള നിഷേധാത്മകതയാണ് നവലിബറൽ മൂല്യങ്ങളുടെയും അടിസ്ഥാനം. ‘തന്ത വൈബ്’ പ്രയോഗവും പ്രായോഗിക തലത്തിൽ ഈ നിഷേധാത്മകത അടിസ്ഥാനപ്പെടുത്തിയാണ് രൂപപ്പെട്ടതെന്ന് പറയാതെ വയ്യ. ഫാഷൻ ഇൻഡസ്ട്രി ഉൾപ്പടെയുള്ള ലോക സാമ്പത്തിക മേഖലകൾ, അവരുടെ ഉപഭോക്തൃവലയം വിസ്തൃതപ്പെടുത്താൻ നിഷേധാത്മക ചിന്തകളെയാണ് കൂട്ടുപിടിക്കുന്നത്. യുവാക്കൾക്കിടയിൽ അന്ധമായ സൗന്ദര്യബോധം പ്രചരിപ്പിച്ചാണ് വൈറ്റനിംഗ് ക്രീമുകൾ മാർക്കറ്റ് പിടിക്കുന്നത്.

ലിബറൽ മൂല്യങ്ങളുടെ പ്രചാരകർ വ്യക്തികേന്ദ്രീകൃതമായ അവരുടെ വാദങ്ങളെ ‘സ്വാതന്ത്ര്യം,’ ‘മോചനം’ തുടങ്ങിയ വൈകാരികതയിൽ (sensualism) അധിഷ്ഠിതമായ പ്രയോഗത്തിലൂടെയാണ് സമർഥിക്കാറ്. അത്തരം സ്വാതന്ത്ര്യത്തിലേക്കുള്ള ഇതരകയ്യേറ്റങ്ങളോട് അരുതെന്ന് പറയുന്നതിന്റെ, അഥവാ സ്വന്തം താൽപര്യത്തിനു മേൽ ഇതരരുടെ കയ്യേറ്റത്തെ ചെറുത്തുനിൽക്കുന്നതിന്റെ രൂപമാണ് ‘തന്ത വൈബ്’ എന്ന പ്രയോഗവും.

1920കളിൽ കേവലം അവശ്യവസ്തുക്കൾ മാത്രം ഉപയോഗിച്ചിരുന്ന ഒരു സമൂഹത്തിൽനിന്ന് അമേരിക്കയെ പൂർണമായും ഒരു കൺസ്യൂമറിസ്റ്റ് രാജ്യമായി മാറ്റുന്നതിൽ ഇത്തരം ചിന്തകളും പ്രയോഗങ്ങളും ഏറെ പങ്കു വഹിച്ചിട്ടുണ്ട്. ഇന്ന് പ്രതിവർഷം ഒരു അമേരിക്കൻ പൗരൻ 60 ജോഡി വസ്ത്രങ്ങളെങ്കിലും വാങ്ങുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. എഡ്വാർഡ് ബെർണയ്സ് എന്ന മാധ്യമപ്രവർത്തകന്റെ ഗൂഢശ്രമങ്ങൾ ഇതിന്റെ ഏറ്റവും വ്യക്തമായ ഉദാഹരണമാണ്. സിഗരറ്റ് കമ്പനി ഉടമയായിരുന്ന ജോൺ ഹിൽസ് ബർണയ്സിനെ കാണുകയും അമേരിക്കയിലെ സ്ത്രീകൾ പുകവലിക്കാത്തതിനെക്കുറിച്ച് പരിഭവപ്പെടുകയും ചെയ്തു. തുടർന്ന് ബെർണയ്സ് അടുത്ത ദിവസം തന്നെ ചില അമേരിക്കൻ ഫെമിനിസ്റ്റ് നേതാക്കളെ കാണുകയും ന്യൂയോർക്ക് സ്ക്വയറിൽ വെച്ച് നടക്കാനിരിക്കുന്ന ഫെമിനിസ്റ്റ് റാലിയിൽ താൻ നൽകുന്ന പ്ലക്കാർഡുമായി സിഗരറ്റ് വലിക്കാൻ അവരോട് ആവശ്യപ്പെടുകയും ചെയ്തു. ബെർണയ്സ് നൽകിയ പ്ലക്കാർഡുകളിൽ എഴുതിയിരുന്നത് ‘സ്വാതന്ത്ര്യത്തിന്റെ ദീപങ്ങൾ’ എന്നായിരുന്നു. ന്യൂയോർക് സ്ക്വയറിൽ സ്വാതന്ത്ര്യത്തിന്റെ ദീപങ്ങൾ തെളിയുന്നു എന്ന് തലേദിവസം പത്രങ്ങളിൽ വലിയ വാർത്ത നൽകുകയും ചെയ്തിരുന്നു. ന്യൂയോർക്ക് സ്ക്വയറിൽ തെളിയാനിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ദീപങ്ങൾ എന്താവും എന്ന് കാത്തിരുന്ന അമേരിക്കൻ സമൂഹം കണ്ടത് പ്രസ്തുത പ്ലക്കാർഡുമായി സിഗരറ്റ് വലിക്കുന്ന ഫെമിനിസ്റ്റ് നേതാക്കളെയാണ്. ഇതോടെ അമേരിക്കൻ സ്ത്രീകളിൽ വലി

യതോതിൽ സിഗരറ്റ് ഉപയോഗം വ്യാപിക്കുകയുണ്ടായി. പൊതു ആചാരത്തിന് എതിരെ നിൽക്കുന്നതിലൂടെ സ്വാത ന്ത്ര്യം കൈവ രുമെന്ന നിഷേധാത്മക ചിന്തയിലൂടെ Capitalismത്തിന് അടിമപ്പെ ടുകയായിരുന്നു യഥാർ ഥത്തിൽ തങ്ങളെന്ന് അവർക്ക് തിരിച്ചറി യാനാവാതെ പോയി.

'തന്തവൈബ്' പ്രയോഗത്തിലും സാമൂഹികമണ്ഡലത്തിലെ പൊതുവിചാരങ്ങക്ക് എതിരെ നിൽക്കാനും മതങ്ങൾ മുന്നോട്ടുവെക്കുന്ന പരിധികൾക്കപ്പുറത്തുള്ള ഇടപാടുകൾക്ക് വിധേയപ്പെടാനുമുള്ള പ്രേരണകളാണ് ഒളിഞ്ഞിരിക്കുന്നത്. മതനിയമങ്ങളും സാമൂഹിക ഘടനകളും പ്രാകൃതമാണെന്നും വ്യക്തി താൽപര്യമാണ് പരമമാക്കപ്പെടേണ്ടതെന്നും വരുത്തിത്തീർക്കുന്നതിലൂടെയാണ് ഇത് സാധ്യമാകുന്നത്. 'തന്തവൈബ്' എന്നത് അപരിഷ്കൃതരുടെ പ്രതീകമായി മാറ്റപ്പെടുന്നതും ഇതിനു വേണ്ടിത്തന്നെ.

അക്രമിക്കാൻ വരുന്ന നായയിൽനിന്ന് രക്ഷപ്പെടാൻ സുഗമമായ ചെരിപ്പുകൾ ധരിക്കണമെന്ന് ഉള്ളടക്കം വരുന്ന പരസ്യ ചിത്രങ്ങളിലൂടെ survival of fittest  എന്ന ആശയം എപ്രകാരം കൈമാറ്റപ്പെടുന്നു എന്നതിനെക്കുറിച്ച് ഗവേഷക Hiba izzat നിരീക്ഷിക്കുന്നുണ്ട്. Neophilia (പുതിയതിനെ മഹത്ത്വവത്കരിക്കുക) എന്ന വിചാര ബോധം വിദ്യാർഥികളുടെ ചിന്താധാരകളിലേക്ക് അവരറിയാതെ പ്രക്ഷാളനം ചെയ്യപ്പെടുകയാണ്. കുറച്ചു മുമ്പ് യുവാക്കൾക്കിടയിൽ വലിയതോതിൽ വൈറലായ 'മാതാപിതാക്കളേ മാപ്പ്'എന്ന സിനിമാഗാനവും നവജനറേഷന്റെ ചിന്താരീതികളെ തുറന്നുകാട്ടുന്നതാണ്. അതിലെ ആദ്യ വരികൾ ഇങ്ങനെയാണ്:

'മാതാപിതാക്കളേ, മാപ്പ്
ഇനിയങ്ങോട്ട് തന്നിഷ്ടക്കൂത്ത്
ഉന്നം മറന്നൊരു പോക്ക്
ഗുണപാഠങ്ങളോ മതിയാക്ക്'

തുടർന്ന് പറയുന്നത്, 'ഇത് എന്റെ പാതയും എന്റെ അധികാരവുമാണെന്നും വഴിതെറ്റാനും എനിക്ക് അവകാശമുണ്ടെന്നും സുഖസന്തോഷമാണ് പ്രധാനമെന്നും ഇനി വേറെ വിചാരമൊന്നുമില്ല' എന്നുമാണ്.

**സാമൂഹ്യമാധ്യമങ്ങളും പൊതുവൈബുകളും**

ഇൻസ്റ്റഗ്രാം അടക്കമുള്ള സാമൂഹ്യമാധ്യമങ്ങളിലൂടെയാണ് യുവസമൂഹത്തിന്റെ പൊതു വിചാര ങ്ങൾ ഇന്ന് നിയന്ത്രിക്കപ്പെടുന്നത്. Ten Arguments for Deleting Your Social Media Accounts Right Now എന്ന പുസ്തകത്തിലൂടെ ജാരോൺ ലാനിയർ സമൂഹമാധ്യമങ്ങൾ പൊതുചിന്തകളെ സ്വാധീനിക്കുന്നതിനെക്കുറിച്ച് വിവരിക്കുന്നുണ്ട്. നവലിബറൽ മൂല്യങ്ങളെ ഏതുവിധേനയും അടിച്ചേൽപിക്കാൻ ഒരു കൂട്ടം നിരന്തരമായി ശ്രമിക്കുന്ന നവസാമൂഹിക വ്യവസ്ഥിതിയിൽ ഇതിനു പിന്നിലെ ഗൂഢലക്ഷ്യങ്ങൾ പരിശോധനാവിധേയമാക്കേണ്ടതുണ്ട്.

കുരിശുയുദ്ധാനന്തരം മുസ്‌ലിം സമൂഹത്തെ ആത്മികമായി തളർത്തുക എന്ന ഗൂഢലക്ഷ്യത്തിന്റെ ഭാഗമായി പരമാവധി ആനന്ദത്തിലേക്ക് സമൂഹത്തെ വഴിതിരിച്ചുവിടുന്നതിലൂടെ സാധ്യമാക്കാൻ ഒരു കൂട്ടം ശ്രമിച്ചിട്ടുണ്ട്. സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന ഇത്തരം പ്രയോഗങ്ങൾ സമൂഹത്തെ ഒന്നടങ്കം ബാധിക്കുന്ന ആശയധാരകളുടെ കുത്തിവെപ്പുകളാണോ എന്ന് സംശയിക്കുന്നതും അത്തരം പശ്ചാത്തലത്തിലാണ്.

hedonist ആശയത്തിന്, അഥവാ വ്യക്തിയുടെ സന്തോഷത്തിനാണ് മുൻഗണന നൽകേണ്ടത് എന്ന ചിന്താഗതിക്കാണ് ഇവർ പ്രാധാന്യം നൽകുന്നത്. അവിടെ ധാർമികതക്ക് പ്രസക്തിയില്ല. 'സ്വേച്ഛയെ ദൈവമാക്കി വെച്ചവനെ താങ്കൾ കണ്ടിട്ടുണ്ടോ?' എന്ന് തുടങ്ങുന്ന ഖുർആൻ വാക്യം (45:23) ഇത്തരം ആശയങ്ങളെ ശക്തമായി നിരാകരിക്കുന്നു. സ്രഷ്ടാവിന്റെ ഇച്ഛകൾക്ക് സമ്പൂർണമായി കീഴടങ്ങേണ്ടവരാണ് സത്യവിശ്വാസികൾ.

മനസ്സിന്റെ ആഗ്രഹങ്ങളെ മാത്രം പിന്തുടരുന്ന, ധാർമിക ശോഷണം സംഭവിച്ച അധമ സമൂഹമായി യുവാക്കളെ മാറ്റുന്നതിൽ സ്വതന്ത്രവാദികൾക്കുള്ള പങ്ക് ചെറുതല്ല. 'തന്തവൈബ്' പോലുള്ള പ്രയോഗങ്ങൾ കേൾക്കുമ്പോഴേക്ക്, താനൊരു പഴഞ്ചനാണെന്ന് സ്വയം തോന്നി ഉപദേശങ്ങൾ നിർത്തുന്നതും അപകടകരം തന്നെ. മുതിർന്നവരെ ആദരിക്കുകയും ചെറിയവരോട് കരുണ കാണിക്കുകയും ചെയ്യാത്തവർ നമ്മിൽ പെട്ടവനല്ലെന്ന പ്രവാചക വചനം ഇരുതലമുറകളുടെ ഏറ്റവും ഫലപ്രദവും സുന്ദരവുമായ കൊടുക്കൽ വാങ്ങലുകളെയും പരസ്പര സ്നേഹ ബഹുമാനങ്ങളെയും എത്ര ലളിതവും യുക്തിഭദ്രവുമായാണ് സമീപിക്കുന്നത്! മനുഷ്യസമൂഹത്തിന്റെ, വിശിഷ്യാ വിശ്വാസി സമൂഹത്തിന്റെ വൈബുകളെല്ലാം ആ അധ്യാപനത്തിന്റെ അടിസ്ഥാനത്തിലായിരുന്നെങ്കിലെന്ന് നമുക്ക് ആശിക്കാം. ■

പിശാചിന്റെ ചതിക്കുഴികൾ 21



# നസ്വാറാക്കളും പിശാചിന്റെ കുതന്ത്രങ്ങളും

ശമീർ മദീനി
: 9048 221 212

പിശാച് പലവിധത്തിലും നസ്വാറാക്കളെ പിഴവിലാക്കാൻ പരിശ്രമിച്ചിട്ടുണ്ട്. സ്രഷ്ടാവിനെ കുറിച്ചുള്ള വിശ്വാസത്തിൽ തുടങ്ങി മറ്റനേകം കാര്യങ്ങളിലും ആ കുതന്ത്രങ്ങൾ കാണാൻ കഴിയും. മതത്തിന്റെ അടിസ്ഥാന വിശ്വാസമായ ദൈവവിശ്വാസത്തിൽ പൊതുവിൽ അവർ വച്ചുപുലർത്തുന്ന 'ത്രിത്വ' ദൈവ സങ്കൽപം അതിലൊന്നാണ്. ക്രൈസ്തവ ദൈവസങ്കൽപത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് ആളത്വങ്ങളാണ് ഉള്ളത്. 'മൂന്നും കൂടിയ ഒന്ന്' എന്ന ആ സമസ്യ വിശദീകരിക്കാനായി വല്ലാതെ ബുദ്ധിമുട്ടിയ പുരോഹിതന്മാർ പല വ്യാഖ്യാനങ്ങളുമായി വന്നുവെങ്കിലും അവർക്ക് തന്നെയും അത് തൃപ്തികരമായിരുന്നില്ല.

മൂന്ന് ആളത്വങ്ങൾ എന്നത് ദൈവത്തിന്റെ മൂന്ന് അവസ്ഥാവിശേഷങ്ങളാണ്, അല്ലെങ്കിൽ മൂന്നു പ്രത്യേകതകളാണ് എന്ന് ചിലർ വിശദീകരിച്ചപ്പോൾ മറ്റു ചിലർ അതിനെ ഏകദൈവത്തിന്റെ മൂന്ന് വിശേഷണങ്ങളായിട്ടാണ് വ്യാഖ്യാനിക്കാൻ ശ്രമിച്ചത്. എന്നാൽ മൂന്നും മൂന്ന് വ്യക്തികൾ തന്നെയാണെന്ന് പറഞ്ഞവരും ക്രൈസ്തവരിൽ ഉണ്ടായി. യേശുവിന്റെ വാക്കുകളായി ബൈബിളിൽ ഒരിടത്ത് പോലും കാണാൻ കഴിയാത്ത ഈ ത്രിത്വ സങ്കൽപം എത്രയോ മനുഷ്യരെക്കൊണ്ട് പറയിച്ച് അവരുടെ ഒരു ആദർശമായി കൊണ്ടുനടക്കാനും അതിനുവേണ്ടി വീറോടും വാശിയോടും വാദിക്കുവാനുമൊക്കെ അവരെ ശക്തമായി പ്രേരിപ്പിക്കും വിധം എത്രമാത്രം ആഴത്തിലാണ് പിശാച് അവരിൽ സ്വാധീനമുറപ്പിച്ചത് എന്ന കാര്യം ഗൗരവപൂർവം ആലോചിക്കേണ്ടതാണ്.

സാക്ഷാൽ യേശു അഥവാ ഈസാ നബി(അ) പഠിപ്പിച്ച ആശയമായി ബൈബിളും വിശുദ്ധ ക്വുർആനും ഒരുപോലെ ആവർത്തിച്ചു പറഞ്ഞത് ത്രിത്വ സങ്കൽപമല്ല; കറകളഞ്ഞ ഏക ദൈവ വിശ്വാസമാണ്. 'എന്റെയും നിങ്ങളുടെയും ദൈവം ഏകദൈവം' എന്നാണ് യേശു പ്രഖ്യാപിച്ചത്. ബൈബിൾ പറയുന്നു: 'ദൈവം പറഞ്ഞു: ദൈവമായി ഞാൻ മാത്രമേയുള്ളൂ. ഞാനല്ലാതെ ദൈവമില്ല' (ആവർത്തന പുസ്തകം 32:39). യേശു പറഞ്ഞു: 'നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്' (മാർക്കോസ് 12:29). 'ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നത് തന്നെ നിത്യജീവൻ ആകുന്നു' (യോഹന്നാൻ 17:3).

ഞാനല്ലാതെ വേറൊരു ദൈവമില്ലെന്ന് പ്രഖ്യാപിക്കുന്ന, ഏകദൈവത്തെയും ആ ദൈവത്തെ ഏക സത്യ ദൈവം എന്ന് പരിചയപ്പെടുത്തുന്ന യേശുവിനെയും നാം ബൈബിളിലൂടെ വായിക്കുമ്പോൾ അതിന് വിരുദ്ധമായ ഒരു ത്രിത്വ ദൈവ സങ്കൽപം എങ്ങനെയാണ് ഒരു ക്രൈസ്തവന് മനസ്സറിഞ്ഞ് പ്രഖ്യാപിക്കാൻ സാധിക്കുക?

ഇത്തരം പരിധിവിട്ട അന്യായങ്ങൾ ദൈവവിശ്വാസമായി കൊണ്ടുനടക്കുന്നവരോട് ക്വുർആൻ പറയുന്നത് കാണുക:

“വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും മർയമി ലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും അവങ്കൽനിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മയ്ക്കായി നിങ്ങൾ (ഇതിൽനിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി” (ക്വുർആൻ 4:171).



**മനുഷ്യരുടെ പാപങ്ങൾ പൊറുക്കാൻ സ്വന്തം മകനെ ബലികഴിപ്പിച്ച് ക്രൂരമായി കുരിശിലേറ്റുന്ന പിതാവായ ദൈവത്തെക്കുറിച്ച് ബുദ്ധിയും ബോധവുമുള്ള വിശ്വാസികൾ എന്താണ് മനസ്സിലാക്കേണ്ടത്? യേശു ദൈവമാണെങ്കിൽ ആ ദൈവം ആരോടാണ് പിന്നെ പ്രാർഥിച്ചത് എന്നതും ആരുടെ മുമ്പിലാണ് ആരാധനകൾ അർപ്പിച്ചത് എന്നതും ഉത്തരം കിട്ടേണ്ട പ്രസക്തമായ ചോദ്യങ്ങളാണ്.**

വിശുദ്ധ ക്വുർആനിൽ ഈസാ നബി(അ)യുടെ ആദർശ പ്രബോധനം സുവ്യക്തമായി തന്നെ പറയുന്നുണ്ട്: “തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ മാർഗം” (3:51).

“(ഈസാ പറഞ്ഞു:) തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതത്രെ നേരെയുള്ള മാർഗം” (19:36).

ഈസാനബി(അ) അടക്കമുള്ള പ്രവാചകന്മാരഖിലവും പഠിപ്പിച്ചത് ശുദ്ധമായ ഏകദൈവവിശ്വാസമാ യിരുന്നു. അല്ലാഹു പറയുന്നു: “ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല” (21:25).

എന്നാൽ ക്രൈസ്തവ സമൂഹത്തിലെ ദൈവസങ്കൽപം പലതരത്തിലുള്ളതാണ്. യേശുവിനെ ദൈവമായും ദൈവപുത്രനായും കാണുന്നവർ അവരിലുണ്ട്. അതേസമയം അദ്ദേഹത്തെ ശത്രുക്കൾ കുരിശിൽ തറച്ചു എന്നും രക്ഷപ്പെടാൻ അദ്ദേഹം പരമാവധി ശ്രമിക്കുകയും പ്രാർഥിക്കുകയും ചെയ്തു തായും ക്രൈസ്തവ സമൂഹത്തിന്റെ കൈകളിലുള്ള വേദപുസ്തകത്തിൽതന്നെ പറയുന്നുമുണ്ട്!

മനുഷ്യരുടെ പാപം ഏറ്റെടുത്ത് കുരിശിൽ കയറുവാനാണ് ദൈവം മനുഷ്യരൂപത്തിൽ ഭൂമിയിലേക്ക് വന്നത് എന്ന് ചിലർ പറയാറുണ്ട്. അങ്ങനെയെങ്കിൽ

തന്റെ ദൗത്യം ഭംഗിയായി പൂർത്തീകരിച്ച് സന്തോഷ ത്തോടെ തിരിച്ചുപോവുകയല്ലേ വേണ്ടിയിരുന്നത്? പിന്നെയെന്തിന് 'ഈ പാനപാത്രം എന്നിൽനിന്ന് നീക്കേണമേ' എന്ന് അദ്ദേഹം കരഞ്ഞു പ്രാർഥിച്ചു?

മനുഷ്യരുടെ പാപങ്ങൾ പൊറുക്കാൻ സ്വന്തം മകനെ ബലികഴിപ്പിച്ച് ക്രൂരമായി കുരിശിലേറ്റുന്ന പിതാവായ ദൈവത്തെക്കുറിച്ച് ബുദ്ധിയും ബോധവുമുള്ള വിശ്വാസികൾ എന്താണ് മനസ്സിലാക്കേണ്ടത്? യേശു ദൈവമാണെങ്കിൽ ആ ദൈവം ആരോടാണ് പിന്നെ പ്രാർഥിച്ചത് എന്നതും ആരുടെ മുമ്പിലാണ് ആരാധനകൾ അർപ്പിച്ചത് എന്നതും ഉത്തരം കിട്ടേണ്ട പ്രസക്തമായ ചോദ്യങ്ങളാണ്.

സ്വന്തത്തെ പോലും രക്ഷപ്പെടുത്താൻ കഴിയാതെ, ശത്രുക്കളുടെ ക്രൂരമായ കയ്യേറ്റങ്ങൾക്ക് വിധേയനായ യേശുവിനോട് തങ്ങളുടെ കഷ്ടതകൾ നീക്കാനും ആശ്വാസം നൽകാനും പ്രാർഥിക്കുന്നത് ബാലിശമല്ലേ?

മുഹമ്മദ് നബി(സ്വ)യുടെ പ്രവാചകത്വം നിഷേധിക്കുവാനും പിശാച് അവരെ നിർബന്ധിച്ചു. അവരു ടെ കൈകളിലുള്ള വേദപുസ്തകത്തിൽ അന്ത്യപ്രവാചകനായ മുഹമ്മദ്(സ്വ)യെ കുറിച്ചുള്ള സുവിശേഷങ്ങളും വിവരണങ്ങളും ഉണ്ടായിരിക്കെയാണ് പിശാച് അവരെ അതിൽനിന്നും വഴിതെറ്റിച്ചത് എന്ന കാര്യം ഏറെ ഗൗരവത്തോടെ നാം കാണേണ്ടതാണ്. നിവൃത്തിയില്ലാതെ വരുമ്പോൾ, അത് അറബികളിലേക്ക് മാത്രമുള്ള ഒരു പ്രവാചകനാണെന്ന് പറയുന്നവരും അവരുടെകൂട്ടത്തിലുണ്ട് എന്ന് ഇബ്നുൽ ജൗസി(റഹി) തന്റെ

**ക്രൈസ്തവ സമൂഹത്തിലെ ദൈവസങ്കൽപം പലതരത്തിലുള്ളതാണ്. യേശുവിനെ ദൈവമായും ദൈവപുത്രനായും കാണുന്നവർ അവരിലുണ്ട്. അതേസമയം അദ്ദേഹത്തെ ശത്രുക്കൾ കുരിശിൽ തറച്ചു എന്നും രക്ഷപ്പെടാൻ അദ്ദേഹം പരമാവധി ശ്രമിക്കുകയും പ്രാർഥിക്കുകയും ചെയ്തതായും ക്രൈസ്തവ സമൂഹത്തിന്റെ കൈകളിലുള്ള വേദപുസ്തകത്തിൽ തന്നെ പറയുന്നുമുണ്ട്!**

'തൽബീസു ഇബ്ലീസ്' എന്ന ഗ്രന്ഥത്തിൽ (പേജ് 85ൽ) പറയുന്നുണ്ട്. ഇത് പിശാചിന്റെ ദുർബോധനങ്ങളിൽ ഒന്നാണെന്ന് പറഞ്ഞശേഷം അദ്ദേഹം പറയുന്നത് കാണുക: "മുഹമ്മദ് നബി (സ്വ) ഒരു പ്രവാചകനാണെന്ന് സ്ഥിരപ്പെടുമ്പോൾ, പ്രവാചകൻ കളവു പറയുകയില്ല എന്നതും സത്യമാണല്ലോ. ഞാൻ സർവ മനുഷ്യരിലേക്കുമായി നിയോഗിക്കപ്പെട്ടവനാണ്' എന്നത് അദ്ദേഹത്തിന്റെ വാക്കുകളായി സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. അതിനാൽ റോമൻ, പേർഷ്യൻ രാജാക്കന്മാരടക്കമുള്ള നിരവധി രാഷ്ട്രത്തലവന്മാർക്ക് ഈ ആശയം അറിയിച്ചുകൊണ്ട് അവിടുന്ന് കത്തെഴുതിയതും വ്യക്തമായ ചരിത്ര സത്യമാണ്. മുഹമ്മദ് നബി(സ്വ) സർവരിലേക്കുമുള്ള ദൈവദൂതനാണെന്ന കാര്യം വിശുദ്ധ ക്വുർആനും ആവർത്തിച്ച് പ്രഖ്യാപിക്കുന്നുണ്ട്:

"പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കു ന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ, നിങ്ങൾക്ക നേർമാർഗം പ്രാപിക്കാം" (7:158).

വസ്തുത ഇതായിരിക്കെ അന്തിമ ദൂതനിൽ വിശ്വസിക്കാതിരിക്കാൻ ഒരു യഥാർഥ ക്രിസ്ത്യാനിക്ക് എങ്ങനെ സാധിക്കും?

അല്ലാഹു പറയുന്നു: "മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു:) ഇസ്രായീൽ സന്തതികളേ, എനിക്കു മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നു പേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാലവിദ്യയാകുന്നു. താൻ ഇസ്ലാമിലേക്ക് ക്ഷണിക്കപ്പെടുമ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ വലിയ അക്രമി ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല" (61:6,7).

വനിതാപഥം ●

# ‘ഉമ്മാന്റെ അടുത്തെത്തിയാൽ...’

## മുഹ്സിന ചിറക്കൽപടി

ഉമ്മാന്റെ അടുത്തെത്തിയാൽ ഞാനും ഒരു കുട്ടിയായി മാറും; ഞാൻ പോലുമറിയാതെ! സ്‌കൂൾ വെക്കേഷൻ ആയപ്പോൾ ഭർത്താവിന്റെ വീട്ടിൽനിന്ന് ഉമ്മാന്റെ അടുത്ത് വന്നതാ. സുബ്ഹി നമസ്കാരം കഴിഞ്ഞു ഖുർആൻ ഓതിക്കൊണ്ടിരിക്കുമ്പോൾ അടുക്കളയിൽനിന്നും ഉമ്മ വിളിക്കുന്നു. ചെന്നു നോക്കുമ്പോൾ ചൂടുള്ള ഹോർലിക്സ് ഗ്ലാസിലൊഴിച്ച് വെച്ചിരിക്കുന്നു. അത് ആസ്വദിച്ചു കുടിക്കവെ ചില ഓർമകൾ മനസ്സിൽ നുരഞ്ഞു പൊങ്ങി.

‘ഉമ്മാ, എന്റെ യുണിഫോമിന്റെ ഷാൾ എവിടെ?’

‘ഉമ്മാ, എന്റെ പേന കാണുന്നില്ല...’

മൂത്ത മോളുടെ വിളിക്ക് ഉത്തരം നൽകാൻ ഓടിച്ചെല്ലുമ്പോൾ ചെറിയ മോളുടെ പൊട്ടിക്കരച്ചിൽ കേൾക്കാം.. കുഞ്ഞാങ്ങളെയുടെ വക നല്ലൊരു അടി കിട്ടിയതാണ് കാരണം. ആ തർക്കം തീർക്കുന്നതിനിടയിൽ ‘ചായ ഇനിയും ആയില്ലേ’ എന്ന ഇക്കയുടെ ചോദ്യം...

അത് കൊടുക്കാൻ വേഗത്തിൽ അടുക്കളയിലേക്ക് ചെല്ലുമ്പോൾ അടുക്കള ജനലിലൂടെ ഇക്കാന്റെ ഉമ്മാന്റെ വിളി:

“മാളേ...ഇന്നലെ അലക്കിയിട്ടതൊക്കെ എടുത്ത് മടക്കിഅലമാരയിൽ വെക്ക്.”

ഉമ്മാക്ക് ഉത്തരം നൽകി അടുക്കളയിൽ വന്നു ചായ ചൂടാക്കാൻ വെച്ചപ്പോഴാണ് ഗ്യാസ് സിലിണ്ടർ പണി തന്നത്. മഞ്ഞക്കളറിൽ പൂത്തിരി കത്തും പോലെ പിടഞ്ഞു പിടഞ്ഞു തീ അണഞ്ഞു. പുതിയ സിലിണ്ടറെടുത്ത് കണക്ഷൻ കൊടുക്കവെ സിറ്റൗട്ടിൽ നിന്നും ‘താത്താ’ എന്നൊരു വിളി കേട്ടു. പ്ലാസ്റ്റിക് എടുക്കാൻ വരുന്ന ‘ഹരിത കർമ’ ചേച്ചിമാരാണ്. അവർക്ക് പ്ലാസ്റ്റിക് നിറച്ച ചാക്കും 50 രൂപയും കൊടുത്ത് തിരിഞ്ഞപ്പോഴുണ്ട് കുഞ്ഞാങ്ങളും പെങ്ങളും പൊരിഞ്ഞ അടി. തർക്കം തീർക്കാനും മധ്യം പറയാനും വീണ്ടും സമയമെടുത്തു. ഇതെല്ലാം കഴിഞ്ഞ് ഒരു ഭാഗത്ത് ഇരുന്നപ്പോഴാണ് വയറ്റിൽനിന്നൊരു വിളിയാളം.. രാവിലെ ഒന്നും കഴിച്ചില്ലല്ലോ എന്ന് അപ്പോഴാണ് ഓർമ വന്നത്.

ഇങ്ങനെ നൂറു കൂട്ടം ഉത്തരവാദിത്തം തലയിൽ കയറ്റി നടക്കുമ്പോഴാണ് ഉമ്മാന്റെ ഫോൺ വിളി . അത് വല്ലാത്തൊരു ആശ്വാസമാണ് നൽകുക. ‘നിന്റെ കാല് വേദന മാറിയോ, ടൈൽസിൽ വെള്ളം പോയാൽ അറിയില്ല, ഓടി നടക്കുമ്പോ വഴുക്കി വീഴുന്നത് നോക്കൊണ്ടു’ എന്ന ഉപദേശവും ‘വയ്യാണ്ടായാൽ നോക്കാൻ ആരൂണ്ടാവില്ല’ എന്ന ഓർമപ്പെടുത്തലും കൂടെയുണ്ടാകും. ആ വാക്കുകൾ നൽകുന്ന ഊർജവും ആശ്വാസവും പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്.

സ്വന്തം ഉമ്മാന്റെ അടുത്തെത്തിയാൽ പിന്നെ ഞാനെന്നല്ല എല്ലാ പെൺമക്കളും കുട്ടികളാണ്. കുളിക്കാനും ഭക്ഷണം കഴിക്കാനുമൊക്കെ ഉമ്മ എന്നെ ഓർമപ്പെടുത്തണം. ഉമ്മാന്റെ കൈകൊണ്ടുണ്ടാക്കിയ ചില ഭക്ഷണങ്ങൾക്ക് പൂതി പറഞ്ഞ് ഉണ്ടാക്കിപ്പിക്കും. ഉമ്മാന്റെ അടുത്ത് എത്തിയാലാണ് ഫോണിൽ തോണ്ടിയിരിക്കാൻ സമയം കിട്ടുക. തലയിൽ ഉണ്ടായിരുന്ന ഒരുപാട് ഭാരം ഇറക്കിവെച്ചതിന്റെ ഒരു സുഖം...

ഉമ്മമാർ ജീവിച്ചിരിക്കുന്ന കാലമത്രയും മക്കൾ കുട്ടികളാണ്. പരാതി പറയാനും സങ്കടം പറയാനും സന്തോഷം പങ്കുവെക്കാനും അവർ ഉണ്ടാകുമ്പോൾ ഒരു പക്ഷേ, നമുക്ക് അവരുടെ വില അറിയണമെന്നില്ല. ഒരു വൻവൃക്ഷത്തെ താങ്ങിനിറുത്തുന്ന വേരുപോലെയാണ് ഉമ്മമാർ.

ചെറു പ്രായത്തിൽ ഉമ്മയെ നഷ്ടപ്പെട്ട തിരുദൂതർ(സ്വ) മാതാപിതാക്കളോടുള്ള കടമയും കടപ്പാടും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നു കൽപിക്കുന്നതിന്റെ കൂടെ മാതാപിതാക്കളോടുള്ള ഉത്തരവാദിത്തങ്ങളും കടമകളും പറയുന്നത് അതിന്റെ ഗൗരവം നമ്മെ ഓർമിപ്പിക്കുന്നു. കൂടെയുള്ളപ്പോൾ അവരെ ചേർത്തുപിടിക്കുക. എത്ര തിരക്കാണെങ്കിലും അവരെ വിളിക്കാനും വിശേഷം അറിയാനും സന്ദർശിക്കാനും സമയം കണ്ടെത്തണം.

എന്നാലും ഞാൻ ആലോചിക്കുകയാ; ഉമ്മാന്റെ അടുത്തെത്തിയാൽ വരുന്ന മടിയും അലസതയും കെട്ടിയോന്റെ വീട്ടിൽ എത്തുമ്പോൾ എങ്ങോട്ടാണ് ഓടിയൊളിക്കുന്നത്? ■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
02 May 2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

മക്കൾക്ക് വ്യവസ്ഥാപിതമായ
മതപഠനം നൽകാൻ
ആഗ്രഹിക്കുന്നുവോ?

SCHOOL OF Qur'an

# സ്കൂൾ ഓഫ് ഖുർആൻ

പ്രാദേശിക സെന്ററുകളിലേക്കുള്ള
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു



## സവിശേഷതകൾ

- 18 വർഷം നീണ്ടുനിൽക്കുന്ന തുടർച്ചയായ മതപഠനം
- തജ്‌വീദിൽ പരിശീലനം നേടിയ പരിചയസമ്പന്നരായ അധ്യാപകർ
- പഠന പ്രവർത്തനങ്ങൾക്ക് കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം
- ഹദീസ്, അറബി, അഖീദ, കർമ്മം, സ്വഭാവം, ഇസ്‌ലാമിക ചരിത്രം: നവീനരീതിയിൽ തയ്യാറാക്കിയ പഠന രീതികളും പഠന സാമഗ്രികളും
- രക്ഷിതാക്കൾക്ക് വ്യവസ്ഥാപിതമായ സിലബസ് അനുസരിച്ചുള്ള പാരന്റിങ് ക്ലാസുകളും മൂല്യ നിർണയവും
- വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് ഡെസ്ക് സൗകര്യം
- നൂർ ആപ്പ് : സൗജന്യ ഖുർആൻ മൊബൈൽ ആപ്പ്
- സ്കിൽ ഡെവലപ്മെന്റ് ആക്ടിവിറ്റികളോടെയുള്ള പ്രീസ്കൂൾ പഠനം
- ഖുർആൻ പാരായണം മികവുറ്റതാക്കാൻ അൽഖാഇദത്തുന്നൂറാനിയ്യ കോഴ്സ്
- ഓൺലൈൻ ഫോളോഅപ്പിനായി ട്രാക്കർ ആപ്ലിക്കേഷൻ

- നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- 2,3 ഗ്രേഡിലേക്ക് പ്രവേശന പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ഞായറാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

**അപേക്ഷകർ QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.**

+91 86067 88882 | +91 75940 88003
Head Office: Jamia Al-Hind Al-Islamiyya | Wadi Al Hikma
Jamia Campus | Mini Ootty | Oorakam| Malappuram | Kerala- 676519
www.schoolofquran.in Info@schoolofquran.in